UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

# കളരി

30
ഡിസംബർ
2023
VOL : 46 | ISSUE : 01

കേരള സർവകലാശാല കമ്യൂണിക്കേഷൻ & ജേണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

dcjku.in | dcjkerala@gmail.com | communicationandjournalism@keralauniversity.ac.in

## ഭീതിപരത്തി കാട്ടുപന്നികൾ..




അനൂജ ജി

**തിരുവനന്തപുരം:** നഗരസഭയിലെ പല പ്രദേശങ്ങളിലും വന്യമൃഗങ്ങളുടെ ശല്യം അതിരൂക്ഷം. കാട്ടുപന്നി കൂട്ടമായി നാട്ടിലേക്ക് ഇറങ്ങുന്നതും കൃഷി നശിപ്പിക്കുന്നതും ജനജീവിതം ദുസ്സഹമാക്കുവാൻ തുടങ്ങിയിട്ട് രണ്ട് വർഷത്തോളമാകുന്നു. എന്നിട്ടും യാതൊരു വിധത്തിലുള്ള നടപടികളും സ്വീകരിക്കാൻ നഗരസഭ തയ്യാറായിട്ടില്ല. കഴക്കൂട്ടം, ശ്രീകാര്യം തുടങ്ങിയ മേഖലകളിൽ ആണ് പ്രശ്നം രൂക്ഷം.

കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ബോട്ടണി വകുപ്പിലെ ഗവേഷകർ സംരക്ഷിച്ചിരുന്ന പല അപൂർവയിനം സസ്യങ്ങളും കൈതച്ചക്ക അടക്കമുള്ള 'ഫലങ്ങളും' പന്നികൾ നശിപ്പിച്ചിരുന്നു. ക്യാമ്പസിലും പരിസര പ്രദേശങ്ങളിലും രാത്രി കാലങ്ങളിൽ ഇവ സ്വൈരവിഹാരം നടത്തുന്നത് വിദ്യാർത്ഥികൾക്കും സ്റ്റാഫ് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന അധ്യാപകർക്കും ജീവനക്കാർക്കും വരെ ഭീഷണിയാവുകയാണ്. ഇതേ തുടർന്ന് കേരള സർവകലാശാല ക്യാമ്പസ് അസോസിയേഷൻ ബന്ധപ്പെട്ട അധികൃതർക്ക് പരാതി നൽകിയിരുന്നെങ്കിലും ഒരു നടപടിയും ഉണ്ടായില്ല.

ഞാണ്ടൂർക്കോണം വാർഡിൽ ഇരുപത്തിയഞ്ചോളാം കാട്ടുപന്നികൾ കൂട്ടമായി റോഡിലേക്ക് ഇറങ്ങിയത് നാട്ടുകാരിൽ വലിയ പരിഭ്രാന്തി സൃഷ്ടിച്ചിരുന്നു. കപ്പ, വാഴ, ചേന, ചേമ്പ്, റബർ തൈകൾ എന്നിവ നശിപ്പിക്കുന്നതുകൊണ്ട് തന്നെ ചെറുകിട കർഷകർ പലരും കൃഷി പൂർണമായും ഉപേക്ഷിക്കുകയാണ്. മതിലില്ലാത്ത ഒരുപാട് വീടുകളിലെ അടുക്കളതോട്ടവും ഈ പ്രദേശങ്ങളിൽ നശിപ്പിക്കപ്പെടുന്നു. നഗരസഭയും വനംവകുപ്പും സംയുക്തമായി പ്രശ്നപരിഹാരത്തിനായി പല പദ്ധതികളും മുന്നോട്ട് വച്ചെങ്കിലും അതൊന്നും ഇന്നോളം പ്രാവർത്തികമായിട്ടില്ല.

പലയിടങ്ങളിലും പന്നികൾ മനുഷ്യരെ ആക്രമിക്കുന്ന സാഹചര്യവും നിലനിൽക്കുന്നു. സന്ധ്യ കഴിഞ്ഞ് പറമ്പിലേക്കോ റോഡിലേക്കോ പോലും ഇറങ്ങാനാകാത്ത തരത്തിൽ ജനങ്ങളിൽ ഭീതിയുണ്ടാക്കുകയാണ് ഈ ജീവികൾ. കാട്ടുപന്നി, മുള്ളൻ പന്നി, കുറുനരി എന്നിവയുടെ എണ്ണത്തിൽ വലിയ വർധനവാണ് കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കൊണ്ട് ഉണ്ടായത്.

കഴിഞ്ഞ ആഴ്ച കൊല്ലത്ത് കാട്ടുപന്നിയുടെ ആക്രമണത്തിൽ വയോധികയ്ക്ക് പരുക്കേറ്റു. സത്യൻമുക്ക് ആദർശ് വില്ലയിൽ രത്നമ്മ(77)യ്ക്കാണ് പരിക്കേറ്റത്.കൃഷിയിടത്തിൽ നിൽക്കുകയിരുന്ന രത്നമ്മയെ പിന്നിലൂടെ എത്തിയ കാട്ടുപന്നി ആക്രമിക്കുകയായിരുന്നു.

കഴിഞ്ഞ ദിവസം വെഞ്ഞാറമൂട്ടിൽ രാത്രി ക്ഷേത്രത്തിൽ നിന്നും പൂജകഴിഞ്ഞു മടങ്ങവേ ബൈക്കിൽ കാട്ടുപന്നി ഇടിച്ച് പൂജാരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സാരമായി പരിക്കേറ്റ ഹരികൃഷ്ണൻ ചികിത്സയിലാണ്.

## മഴയിൽ വിറങ്ങലിച്ച് ചെന്നൈ

ശ്രീദേവി എ എസ്

**ചെന്നൈ:** മിഷോങ് ചുഴലിക്കാറ്റിനെയും കനത്ത മഴയെയും തുടർന്നുണ്ടായ പ്രളയത്തിൽ ചെന്നൈ നഗരത്തിലെ ജനജീവിതം സ്തംഭിച്ചു. മഴക്കെടുതിയിൽ മരിച്ചവരുടെ എണ്ണം പതിനേഴായി ഉയർന്നു.

റെയിൽ റോഡ് വ്യോമ ഗതാഗതം നിർത്തി വച്ചു. നാൽപ്പത്തിയേഴു വർഷത്തിനിടെ ചെന്നൈ നഗരത്തിൽ ഉണ്ടാകുന്ന ഏറ്റവും വലിയ മഴയാണിത്.

വൈദ്യുതി വിഛേദിച്ചത് മൂലം നഗരം ഇരുട്ടിലായി. മുന്നറിയിപ്പ് നൽകിയതിനാൽ വലിയ ദുരന്തം ഒഴിവായി.

## ഇടിമുഴക്കമായി ശിൽപ

ആർദ്ര എം



*ശിൽപ മനോജ്*

**ആറ്റിങ്ങൽ:** 83മത് കേരള സർവകലാശാല ഇന്റർകോളേജ് സ്പോർട്സ് മീറ്റിൽ കാര്യവട്ടം ക്യാമ്പസിന്റെ അഭിമാനതാരമായി ശിൽപമനോജ്. ആറ്റിങ്ങൽ ശ്രീ

പാദം സ്റ്റേഡിയത്തിൽ നടന്ന മീറ്റിൽ ബോക്സിങ് വിഭാഗത്തിലാണ് ശിൽപ്പ സ്വർണ മെഡൽ സ്വന്തമാക്കിയത്. വാശിയേറിയ അവസാന മത്സരത്തിൽ കൊല്ലം എസ് എൻ കോളേജിനെ പരാജയപ്പെടുത്തിയാണ് ശിൽപ്പയുടെ മിന്നും വിജയം. ആലപ്പുഴ ജില്ലാ സ്പോർട്സ് ഓഫീസർ കൂടിയായ ബിജിലാലിനു കീഴിലാണ് ശിൽപ വർഷങ്ങളായി പരിശീലനം നടത്തുന്നത്.

2017ൽ സംസ്ഥാന തലത്തിൽ മത്സരിച്ചു കൊണ്ടായിരുന്നു ബോക്സിങ്ങിൽ ശിൽപയുടെ തുടക്കം. ആറുവർഷത്തിനിപ്പുറം കളത്തിലിറങ്ങുമ്പോളും ചോർന്നുപോകാത്ത ആത്മവിശ്വാസം താരത്തിനു കൂട്ടായുണ്ട്. മൂന്നുവർഷത്തെ ഇടവേളക്ക് ശേഷമാണ് ശിൽപ വീണ്ടും ബോക്സിങ് റിങ്ങിൽ ഇറങ്ങുന്നത്. അതിന്റേതായ ശാരീരിക ബുദ്ധിമുട്ടുകൾ തന്നെ അലട്ടിയിരുന്നുവെന്നും അതെല്ലാം ആത്മധൈര്യം കൊണ്ടും തുടർച്ചയായ പരിശീലനം കൊണ്ടും മറികടക്കാൻ സാധിച്ചുവെന്നും താരം പറയുന്നു.

ശിൽപയുടെ അച്ഛൻ മനോജ് കബഡി താരവും വലിയച്ഛൻ ഷിബുകുമാർ ദേശീയ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ബോക്സിങ് താരവുമാണ്. 'അച്ഛന്റെയും വലിയച്ഛന്റെയുമൊക്കെ വഴിയേ തന്നെയാണ് താനും സഞ്ചരിക്കുന്നത്. പാരമ്പര്യത്തിന്റെ വിത്തുകളാകാം എന്നേയും റിങ്ങിലേക്കെത്തിച്ചത്'. ആശംസകളുടെയും അഭിനന്ദനപ്രവാഹങ്ങളുടെയും ഇടയിൽ നിൽക്കുമ്പോഴും വരാനിരിക്കുന്ന ദക്ഷിണ മേഖലാ ബോക്സിങ് ചാമ്പ്യൻഷിപ്പിന്റെ മുന്നൊരുക്കത്തിലാണ് ശിൽപ. കാര്യവട്ടം ക്യാമ്പസ്സിലെ ഒന്നാം വർഷ എം സി ജെ വിദ്യാർത്ഥിനിയാണ്.

## ചലച്ചിത്രമേളക്ക് കൊടിയിറക്കം

### *സുവർണത്തിളക്കത്തിൽ ജാപ്പനീസ് ചിത്രം*

കാരുണ്യ പ്രിൻസി

**തിരുവനന്തപുരം** : ചലച്ചിത്രപ്രേമികളുടെ പറുദീസയായ, കലകളുടെയും രാഷ്ട്രീയത്തിന്റെയും സംഗമവേദിക്ക് ഡിസംബർ 15ന് തിരശീല വീണു. കേരള ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച 28മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ സമാപന സമ്മേളനത്തിൽ പ്രമുഖ നടൻ പ്രകാശ് രാജ് മുഖ്യാതിഥിയായി.

ജാപ്പനീസ് ചിത്രമായ 'ഈവിൾ ഡസ് നോട്ട് എക്സിസ്റ്റ്' മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം സ്വന്തമാക്കി. മികച്ച സംവിധായകനുള്ള രജത ചകോരം സൺഡേ എന്ന ചിത്രത്തിലൂടെ ഷോഖിർ ഖോലികോവ് സ്വന്തമാക്കി. അന്താരാഷ്ട്ര മത്സരവിഭാഗത്തിൽ മികച്ച നവാഗത സംവിധായകനായി തിരഞ്ഞെടുക്കപ്പെട്ടത് 'തടവ്' എന്ന ചിത്രത്തിന്റെ സംവിധായകൻ ഫാസിൽ റസാഖ് ആണ്. ഓഡിയൻസ് പോളിലൂടെ പ്രേക്ഷകർ തിരഞ്ഞെടുത്ത ചിത്രവും 'തടവ്' ആണ്.

മികച്ച മലയാളചിത്രത്തിനുള്ള നെറ്റ്പാക്ക് പുരസ്കാരം ആട്ടവും മലയാള സിനിമയിലെ നവാഗത സംവിധായകർക്ക് നൽകുന്ന ഫിപ്രസ്കി പുരസ്കാരം ബി 32 മുതൽ 44 വരെ എന്ന ചിത്രത്തിലൂടെ ശ്രുതി ശരണ്യവും സ്വന്തമാക്കി. ക്രിസ്റ്റോഫ് സനൂസിക്കുള്ള ലൈഫ്ടൈം ആച്ചീവ്മെന്റ് പുരസ്കാരം സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സമ്മാനിച്ചു. എട്ടു ദിവസങ്ങളിലായ് മുഖ്യ വേദിയായ ടാഗോർ അടക്കം 15 തിയേറ്ററുകളിലായി 175 സിനിമകളാണ് പ്രദർശിപ്പിച്ചത്.



*സുവർണ്ണ ചകോരം നേടിയ 'ഈവിൾ ഡസ് നോട്ട് എക്സിസ്റ്റിന്റെ സിനിമാട്ടോഗ്രാഫർ യോഷിയോ കിതഗവ കാണികൾക്കിടയിൽ*

# വിജയങ്ങളുടെ 'കാതൽ'

ബിയ ബൈജു

***അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളെ മാത്രം സ്വപ്നം കണ്ടിരുന്ന ഒരു ചെറുപ്പക്കാരന് ഇത്തവണത്തെ ചലച്ചിത്രമേളകളൊക്കെയും ഇരട്ടിമധുരമാണ്. ഏഴു വർഷത്തെ സിനിമാജീവിതത്തിൽ, നേട്ടങ്ങളുടേത് മാത്രമായ 2023ന്റെ അവസാന പാദത്തിലിരുന്നാണ് നടനും തിരക്കഥാകൃത്തുമായ ആദർശ് സുകുമാരൻ നമ്മോട് സംസാരിക്കുന്നത്. 'കാതൽ' വരെ എത്തിനിൽക്കുന്ന ആ യാത്രയിൽ നമ്മളും പങ്കു ചേരുകയാണ്.***

*സിനിമയെന്ന യാത്രയുടെ തുടക്കത്തെ കുറിച്ച് സംസാരിച്ചു തുടങ്ങാം.*

2018 ൽ വരത്തനിലെ അഭിനയത്തിലൂടെയാണ് സിനിമയിലേക്കുള്ള കടന്നു വരവ്. പൂർണമായും ഒരു സിനിമയുടെ ഭാഗമാകുന്നത് നെയ്മറിലൂടെയാണ്. ഇപ്പോൾ പുറകോട്ട് ചിന്തിക്കുമ്പോൾ അത്ഭുതം തോന്നുന്നുണ്ട്, മൂന്നും ഏകദേശം ഒരേ സമയം തന്നെയാണ് സംഭവിച്ചതെന്ന് ഓർക്കുമ്പോൾ.

*കാതൽ പ്രദർശിപ്പിക്കപ്പെടാൻ പോകുമ്പോൾ എന്തൊക്കെയാണ് പ്രതീക്ഷകൾ ?*

പ്രേക്ഷകരിൽ നിന്നുള്ള അഭിപ്രായങ്ങൾ ലൈവായി കേൾക്കാൻ കഴിയുന്നു എന്നതാണ് ഏറ്റവും ആവേശം പകരുന്നത്. ഇത്തരം വേദികളിൽ സിനിമ കാണുന്നത് സാധാരണ തിയറ്റർ അനുഭവം അല്ല. ഒരു കൂടിച്ചേരൽ കൂടിയാണത്. കഴിഞ്ഞ വർഷം മമ്മൂട്ടി കമ്പനിയുടെ കെയർ ഓഫിലായിരുന്നു ഫിലിം ഫെസ്റ്റിന് പോയതെങ്കിൽ ഈ വർഷം പ്രതിനിധിയായിട്ടാണ് പോകുന്നത്. എന്റെ സിനിമയാണ് അവിടെ പ്രദർശിപ്പിക്കുന്നത്. കഴിഞ്ഞ വർഷം നൻപകൽ നേരത്ത് മയക്കം കാണാനുണ്ടായ തിരക്ക് കണ്ട് നമ്മുടെ സിനിമയും ഇങ്ങനെ ആയിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടുമുണ്ട്. അതിനപ്പുറം നമ്മുടെ സിനിമകളൊന്നും ഇങ്ങനെ വരുമെന്ന് ചിന്തിച്ചിട്ടില്ല.

*കാതലിനെ കുറിച്ച് കൂടുതൽ പറയാമോ?*

ഒരു ഫാമിലി ഇമോഷണൽ ഡ്രാമയാണ്. നമ്മുടെ സമൂഹത്തിലെ മനുഷ്യർ കടന്ന് പോയ്ക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിലൂടെ യാത്ര ചെയ്യുന്ന സിനിമയാണ്. വളരെ റിയലിസ്റ്റിക്കായൊരു അവതരണ ശൈലിയാണ് സംവിധായകൻ സ്വീകരിച്ചിട്ടുള്ളത്.



***കാതൽ സിനിമയുടെ ലൊക്കേഷനിൽ മമ്മൂട്ടിയോടൊപ്പം ആദർശ് സുകുമാരൻ***

എനിക്ക് വ്യക്തിപരമായും വളരെ അടുത്ത് നിൽക്കുന്ന ഒരു ചിത്രമാണ്. മമ്മൂക്കയും ജ്യോതികയുമൊക്കെയായുള്ള എൻെറ ബന്ധം തുടങ്ങുന്നതും ഇതിലൂടെയാണ്.

*മമ്മൂട്ടിയും ജ്യോതികയും പോലുള്ള കലാകാരന്മാർ സ്വന്തം കഥാപാത്രങ്ങൾക്ക് ജീവൻ കൊടുത്ത അനുഭവം?*

കാതൽ എഴുതുന്ന സമയത്തോ അതിന്റെ പ്രാരംഭ ചർച്ചകളുടെ സമയത്തോ ഒന്നും മമ്മൂക്കയോ ജ്യോതിക മാമോ മനസ്സിൽ പോലും ഉണ്ടായിരുന്നില്ല. മമ്മൂക്കയാണ് ജ്യോതികയെന്ന നിർദേശം വച്ചത്. ഏതൊരു കലാകാരനും കണ്ട് പഠിക്കേണ്ട ഒരു പെർഫോമറാണ് ജ്യോതിക. അവർ മലയാളം കാണാതെ പഠിച്ച് ചെയ്യുന്നതിന്റെ അധ്വാനം ഒരുപാടാണ്. രണ്ടു പേരും പരസ്പരം ബാലൻസ് ചെയ്ത് പോകുന്നത് കാണുന്നത് കൗതുകകരമായിരുന്നു.

*ജിയോ ബേബിയുമായി പ്രവർത്തിച്ചതിനെക്കുറിച്ച്?*

ജിയോ ചേട്ടൻ ഒരു 'കൂൾ മനുഷ്യൻ' ആണ്. കാതലിലൂടെ കൂടുതൽ അടുത്ത ഒരു ആത്മബന്ധം ഉണ്ടായിട്ടുണ്ട്. മനുഷ്യവികാരങ്ങൾക്ക് അത്രയും വില നൽകുന്ന, ആരുടേയും കുറ്റങ്ങൾ പറയാത്ത, മറകളില്ലാത്ത ഒരു മനുഷ്യനാണ് അദ്ദേഹം. ഒത്തിരി കാര്യങ്ങൾ അദ്ദേഹത്തിൽ നിന്ന് പഠിച്ചിട്ടുണ്ട്. അദ്ദേഹം ആദ്യമായി തന്റേതല്ലാത്ത സ്ക്രിപ്റ്റ് എടുക്കുന്ന പടമാണ് കാതൽ. അതുകൊണ്ട് അദ്ദേഹത്തിനും ഈ സിനിമ സ്പെഷ്യലാണ്. ഇനിയും ഒരുമിച്ച് സിനിമകൾ ചെയ്യണമെന്ന് തന്നെയാണ് ആഗ്രഹം.

*'കോ റൈറ്റിംഗ്' എന്ന പ്രക്രിയ എങ്ങനെയാണ് സംഭവിക്കുന്നത്?*

ഞാൻ നോക്കിക്കാണാത്ത രീതിയിൽ മറ്റൊരാൾ ഒരു സാഹചര്യത്തെ വിലയിരുത്തുന്നത് വളരെ ആകാംക്ഷയോടെ നിരീക്ഷിക്കാറുണ്ട്. ട്രാൻസ്പരന്റ് ആവുക എന്നൊന്നുണ്ട്. ഒരു ഇഷ്ടക്കേട് ഉണ്ടായാൽ പരസ്പരം, 'എനിക്കിത് വർക്ക് ആയില്ല' എന്ന് പറയാൻ സാധിക്കും. ഈ രീതിയിലുള്ള ആശയവിനിമയം സാധ്യമായില്ലെങ്കിൽ പുതിയ ഒരു കൂട്ടുകെട്ടിലേക്ക് പോയെന്നും വരില്ല.

*മൂന്ന് സിനിമ, മൂന്ന് ജോണർ?*

അത് മനപ്പൂർവ്വം അല്ലാത്തതായിരുന്നു. എനിക്കൊരു സ്ഥിരം ഫോർമുലയിൽ ഉറച്ചു നിൽക്കാൻ താല്പര്യമില്ല. എല്ലാം പരീക്ഷിക്കാം എന്നുള്ളതാണ്. എങ്കിലും ഇമോഷണൽ ഡ്രാമകളോടാണ് കൂടുതൽ താത്പര്യം.

*വിമർശനങ്ങളെ എങ്ങനെ നോക്കിക്കാണുന്നു?*

വളരെ ബഹുമാനത്തോടെ തന്നെയാണ് കാണുന്നത്. നമ്മൾ കൂടുതൽ കുറ്റമറ്റവരാകാൻ കൂടിയാണല്ലോ. ഇതെല്ലാം പരിഗണിക്കാനും ശ്രമിക്കാറുണ്ട്. വിമർശകരുടെ കൈയ്യടിപ്പിക്കാൻ ഞാൻ ഒരിക്കലും സിനിമ ചെയ്യില്ല. ചെയ്യുമ്പോൾ 'everyones' cup of tea'ആകണം എന്ന് കരുതി തന്നെയാണ് ചെയ്യാറുള്ളത്.

*അഭിനയവും എഴുത്തും താരതമ്യം ചെയ്യാമോ?*

എഴുത്ത് ഒരു തരത്തിലൊരു ധ്യാനം പോലെയാണ്. കഥാപാത്രങ്ങളുടെ കൂടെയുള്ള ഒരു യാത്ര. അഭിനയം ഒരു തരം പരകായ പ്രവേശമാണ്. രണ്ടും താരതമ്യപ്പെടുത്താൻ സാധിക്കില്ല. ഞാനിപ്പോൾ രണ്ടും ആസ്വദിക്കുകയാണ്.

*വരാനിരിക്കുന്ന സിനിമകൾ ?*

അടുത്തത് പൂർണ്ണമായും ഒരു ഫാമിലി കോമഡി ചിത്രമായിരിക്കും. മനസ്സിൽ കുറച്ചു പരീക്ഷണഅന്വേഷണ സ്വഭാവമുള്ള കഥകളുണ്ട്. അഭിനയത്തിലാണെങ്കിൽ മമ്മൂക്കയുടെ കൂടെ 'ടർബോ' എന്ന പടം ചെയ്തു. അടിക്കടി സിനിമകൾ ചെയ്തുകൊണ്ട് കുറച്ചധികം കാലം ഇവിടെ നിലനിൽക്കണം എന്നാണ് ആഗ്രഹം.

## കനകക്കുന്നിലെ ചന്ദ്രോദയം

ചൈത്ര ഹരിദാസ്

**തിരുവനന്തപുരം:** ആഗോള ശാസ്ത്രോത്സവം ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ ബയോ 360 ലൈഫ് സയൻസ് പാർക്ക് തോന്നയ്ക്കലിൽ വച്ചു നടക്കും. ഇതിന്റെ ഭാഗമായി ഒരുങ്ങുന്ന 1200ഓളം പ്രദർശനപരിപാടികളിൽ ഏറെ കൗതുകം നിറച്ച ഒന്നായിരുന്നു 'മ്യൂസിയം ഓഫ് മൂൺ'.

മ്യൂസിയം ഓഫ് മൂണിന്റെ പ്രിവ്യൂ ഷോ ഡിസംബർ 5നു രാത്രി 7മണി മുതൽ പുലർച്ചെ 4മണി വരെ കനകക്കുന്നിൽ നടന്നു. ചന്ദ്രനെ അടുത്തു കാണാൻ പതിനായിരത്തോളം കാണികൾ നഗര ഹൃദയത്തിൽ ഒത്തു കൂടി.

മൂന്നു നില കെട്ടിടത്തിന്റെ വലുപ്പത്തിൽ ചന്ദ്രോപരിതലത്തിന്റെ സൂക്ഷ്മവും വിശദവുമായ കാഴ്ച ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഈ മ്യൂസിയം നാസയുമായി ചേർന്ന് നിർമ്മിച്ചത് ബ്രിട്ടീഷ് കലാകാരനായ ലൂക്ക് ജെറോം ആണ്. ചന്ദ്രബിംബത്തിന്റെ ഈ പ്രതിരൂപം ലൂക്ക് ജെറോമിന്റെ സാന്നിധ്യത്തിൽ ധനമന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

ഏഴോളം രാജ്യങ്ങളിൽ നിന്നും ഏകദേശം പത്തു ലക്ഷത്തോളം പേരുടെ പങ്കാളിത്തത്തോടെ, ശാസ്ത്രലോകത്തിന്റെ കാണാപ്പുറങ്ങളുടെ ദൃശ്യവിരുന്നിനാണ് കളമൊരുങ്ങുന്നത്. വിവിധ വേദികളിലായി നടക്കുന്ന ശാസ്ത്രോത്സവം നിരവധി ശാസ്ത്രജ്ഞരുടെയും ശാസ്ത്ര വിദ്യാർത്ഥികളുടെയും കൂടിച്ചേരൽ കൂടിയാണ്.

ശാസ്ത്രോത്സവത്തിൽ പങ്കെടുക്കുന്നവർക്ക് പ്രപഞ്ചത്തിന്റെ 720 ഡിഗ്രി 3ഡി ഇൻസ്റ്റാളേഷനിലൂടെ നടക്കാനും മനുഷ്യ മസ്തിഷ്കത്തിന്റെ വിവിധ ഭാഗങ്ങളിലൂടെയും മറ്റും സഞ്ചരിക്കാനും കഴിയും. അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ ശാസ്ത്രജ്ഞർ ഭാഗമാകുന്ന പൊതു ചർച്ചകളും സംഘടിപ്പിക്കും.

പരിപാടിയുടെ ഭാഗമായി വിവിധയിടങ്ങളിലായി ഒരുക്കിയ ചുമർ ചിത്രങ്ങൾ ഇതിനോടകം സമൂഹമാധ്യമങ്ങളിൽ ശ്രദ്ധയാകർഷിച്ചിരുന്നു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ്, മ്യൂസിയം ആർട്ട് സയൻസ് എന്നിവയുടെ നേതൃത്വത്തിൽ കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലാണ് ഈ പ്രദർശനം നടക്കുന്നത്. ശാസ്ത്രത്തിന്റെ കാണാപ്പുറങ്ങളുടെ അനുഭൂതി ജനങ്ങളിലേക്ക് എത്തിക്കുക വഴി പൊതുജനങ്ങളിൽ ശാസ്ത്രബോധം വളർത്തിയെടുക്കുക എന്നതാണ് ഈ ആഗോള ശാസ്ത്രോത്സവത്തിന്റെ ലക്ഷ്യം.



***മ്യൂസിയം ഓഫ് മൂണിന്റെ കനകക്കുന്നിലെ പ്രിവ്യൂ ഷോ***

## തീണ്ടാരിപ്പച്ച ആർത്തവ രാഷ്ട്രീയത്തിന്റെ അപ്രിയ സത്യങ്ങൾ



*വഴുതക്കാട് ഗവണ്മെന്റ് വിമൻസ് കോളേജിൽ തീണ്ടാരിപ്പച്ച അരങ്ങേറിയപ്പോൾ*

അനൂജ ജി

**തിരുവനന്തപുരം:** കേരള സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെ കൊല്ലം നീരാവിൽ പ്രകാശ് കലാകേന്ദ്രം അണിയിച്ചൊരുക്കിയ 'തീണ്ടാരിപ്പച്ച' എന്ന പെൺ നാടകം യാത്ര തുടങ്ങിയിട്ട് ഒന്നര വർഷം പിന്നിടുകയാണ്. അറുപത്തിനാലോളം സ്ത്രീകളുടെ ആർത്തവാനുഭവത്തെയാണ് നാടകം പ്രമേയമാക്കുന്നത്. ആണധികാരത്തിന്റെ ചുവന്ന കറകളെയും സമൂഹ മനസ്സാക്ഷിയെയും മുൾമുനയിൽ നിർത്തുന്ന നാടകത്തിൽ ആർത്തവകാലത്തെ അനാചാരങ്ങളും, പെണ്ണുടലിന്റെ തീക്ഷ്ണാനുഭവങ്ങളും നിറഞ്ഞു നിൽക്കുന്നു. ആർത്തവത്തെ ഇന്നും അശുദ്ധിയായും പാപമായും കണക്കാക്കുന്ന സ്വയം പ്രഖ്യാപിത പുരോഗമന കേരളത്തിൽ ചൂടുള്ള ചോദ്യങ്ങൾ ഒരുപാട് മുന്നോട്ടു വയ്ക്കുന്നുണ്ട് ഈ നാടകം. കൊല്ലം പ്രകാശ് കലാകേന്ദ്രത്തിലെ വനിതാ വേദിയുടെ നേതൃത്വത്തിൽ ഡോ. ശ്രീജിത്ത് രമണൻ സംവിധാനം നിർവഹിച്ച അമച്വർ നാടകമാണ് തീണ്ടാരിപ്പച്ച. ഇതിനോടകം മഹാരാഷ്ട്രയിലും ബാംഗ്ലൂരിലും ചെന്നൈയിലും കേരളത്തിലെ ഒട്ടുമിക്ക ജില്ലയിലും അവർ അരങ്ങുതകർത്ത് രാഷ്ട്രീയം പറഞ്ഞു കഴിഞ്ഞു.

പതിനഞ്ചോളം സ്ത്രീകൾ; അതിൽ വിദ്യാർഥികളുണ്ട്, ഉദ്യോഗസ്ഥരുണ്ട്, വീട്ടമ്മമാരുണ്ട്. അവരാണ് ഈ നാടകത്തിൽ തീണ്ടാരികളായി അരങ്ങിലെത്തുന്നത്. കാണികൾക്ക് നടുവിൽ വട്ടത്തിൽ ഒരുക്കിയ കളിയരങ്ങിൽ പ്രായഭേദമന്യേ അതിശയകരമായ മെയ് വഴക്കത്തോടെയും ഭാവപ്രകടനങ്ങളോടെയും നാടകപ്രമേയം മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയത്തെ അതിസൂക്ഷ്മമായി അരങ്ങിൽ ആവിഷ്ക്കരിക്കാൻ നാടക സംഘത്തിന് സാധിച്ചിട്ടുണ്ട്.

അവസാനമായി 'തീണ്ടാരിപ്പച്ച' അരങ്ങേറിയത് കേരള സർക്കാർ സംഘടിപ്പിച്ച 'കേരളീയ'ത്തിന്റെ ഭാഗമായി വഴുതക്കാട് വിമൻസ് കോളേജിലായിരുന്നു. ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു, ട്രാൻസ്ജൻഡർ ആക്ടിവിസ്റ്റ് ശീതൾ ശ്യാം തുടങ്ങി നിരവധി പ്രമുഖർ കാണികളായെത്തുകയും പെൺമുന്നേറ്റത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. ആർത്തവം എന്ന വിഷയത്തെ തൊടാൻ പോലും മടിക്കുന്ന ഇന്നത്തെ കാലത്തും, ഈ 'തീണ്ടാരിക്കഥകൾ' പൊതുബോധത്തെ ആസ്വസ്ഥതമാക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു കൊണ്ട് ഇനിയും ഇവിടെ നിലനിൽക്കും.

# ഓർമയിൽ ആ കൊട്ടകക്കാലം




## തേൻപാണ്ടി ചീമയിലെ തേരോടും വീഥിയിലെ..

ആർദ്ര എം

**കാര്യവട്ടം** : മണിരത്നത്തിന്റെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന, 1987 ൽ പുറത്തിറങ്ങിയ 'നായകൻ' എന്ന ചിത്രമായിരുന്നു ക്യാമ്പസ് ചലച്ചിത്ര മേളയുടെ പ്രധാന ആകർഷണം. ബോംബെ അധോലോക നായകൻ വരദരാജൻ മുതലിയാരുടെ ജീവിതത്തെയും അമേരിക്കൻ ചലച്ചിത്രമായ ദ ഗോഡ്ഫാദറെയും അടിസ്ഥാനമാക്കിയാണ് നായകൻ ഒരുക്കിയിരിക്കുന്നത്. 36 വർഷങ്ങൾക്കിപ്പുറവും, വേലു നായ്ക്കർ തിയേറ്ററുകൾ ജനസാഗരമാക്കി.

ഉച്ചക്ക് 2 മണിക്കായിരുന്നു ഷോ എങ്കിലും മണിക്കൂറുകൾക്ക് മുൻപ് തന്നെ, കനത്ത ചൂടും വെയിലും വക വയ്ക്കാതെ കാര്യവട്ടം ഇ എം എസ് ഹാളിന് പുറത്ത് വിദ്യാർത്ഥികൾ നീണ്ട വരികളിൽ സ്ഥാനമുറപ്പിച്ചിരുന്നു. കമൽ ഹാസന്റെ മുഖം ഓരോ തവണ സ്ക്രീനിൽ തെളിയുമ്പോഴും വലിയ ആർപ്പുവിളികളും കയ്യടികളും തിയേറ്ററിൽ മുഴങ്ങി. മാസ്സ് സീനുകളിൽ കയ്യടിച്ചും പാട്ടുകൾക്ക് താളമിട്ടും ഇടക്കൊക്കെ കണ്ണുകൾ നിറച്ചും കാണികളും വേലു നായ്ക്കരുടെ യാത്രയിൽ ഒപ്പം കൂടി. സിനിമ ആദ്യമായി കാണുന്നവർ ആശ്ചര്യത്തോടെ കഥാപാത്രങ്ങളുടെ അഭിനയ മികവിനെ കുറിച്ചും ഛായാഗ്രഹണത്തെകുറിച്ചുമെല്ലാം വാചാലരായി.

**പല സിനിമകളുണ്ട്, പഴകും തോറും വീര്യം കൂടുന്ന, ഓരോ കാഴ്ചയിലും പുതുമ നിലനിർത്തുന്ന സിനിമകൾ. അത്തരം സിനിമകളിലെ കഥാപാത്രങ്ങളും, പാട്ടുകളും, എന്തിന് സംഭാഷണ ശകലങ്ങൾ പോലും ആസ്വാദകർക്ക് മനപാഠമായിരിക്കും. അത്തരം സിനിമകളുടെ തിയേറ്റർ അനുഭവം ഇന്നത്തെ തലമുറയ്ക്ക് കൗതുകകരമായ ഒരു അനുഭവമാണ്. കേരള സർവകലാശാല ഡിപ്പാർട്മെന്റ്സ് യൂണിയന്റെയും ഗവേഷക യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 28, 29, 30 തിയതികളിലായി നടന്ന കേരള യൂണിവേഴ്സിറ്റി ക്യാമ്പസ് ഫിലിം ഫെസ്റ്റ് (കെ യു സി എഫ് എഫ്)2023 ആണ് വിദ്യാർത്ഥികൾക്കായി ഈ സുവർണ്ണാവസരം ഒരുക്കിയത്.**

## ഉന്നം മറന്നു തെന്നി പറന്ന...

ശ്രീദേവി എ എസ്

**കാര്യവട്ടം** : മേളയുടെ അവസാന ദിവസം, സിദ്ദിഖ് ലാൽ കൂട്ടുകെട്ടിൽ ഇറങ്ങിയ 'ഇൻ ഹരിഹർ നഗർ' മുപ്പത്തിമൂന്നു വർഷങ്ങൾക്കു ശേഷം നിറഞ്ഞ സദസ്സിൽ പ്രദർശിപ്പിക്കപ്പെട്ടു. കസേരകൾ നിറഞ്ഞു കഴിഞ്ഞെങ്കിലും വെറും നിലം പോലും ഇരിപ്പിടമാക്കാമെന്ന് കാണികൾ തെളിയിച്ചു. പിന്നണിയിലെ ഓരോ ഗാനവും വാചകങ്ങളും ഏറ്റ് പറഞ്ഞുകൊണ്ട് സജീവമായ സദസ്സ്. എത്രയോ വട്ടം കണ്ടും കേട്ടും പഴക്കം ചെന്ന തമാശകളെ വീര്യം കൂടിയ വീഞ്ഞെന്ന പോലെ അവർ സ്വീകരിച്ചു.

പിന്നീട് സിനിമയിലെ പ്രധാന കഥാപാത്രം അവതരിപ്പിച്ച നടൻ മുകേഷ് പ്രേക്ഷകർക്കിടയിൽ ഒരാളായി സിനിമ കാണാൻ ഇരിക്കണമെന്ന ആവശ്യം ഉന്നയിച്ചു. ചിത്രത്തിലെ അവസാന രംഗങ്ങളിൽ കണ്ണ് നട്ടിരിക്കുമ്പോൾ ഒരുപാട് ഭാവങ്ങൾ അദ്ദേഹത്തിന്റെ മുഖത്തു മിന്നി മാഞ്ഞു. ഓർമ്മകളാവാം, ഇന്നും ഈ ചിത്രത്തിനുള്ള സ്വീകാര്യതയാവാം, അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. വമ്പിച്ച കരഘോഷത്തോടെ ചിത്രം അവസാനിക്കുമ്പോൾ സംതൃപ്തി നിറഞ്ഞൊരു പുഞ്ചിരി അദ്ദേഹത്തെ പോലെ കണ്ടിരുന്ന കാണികളിലും അവശേഷിച്ചു.

# അവരുടെ വാക്കുകളിലൂടെ >>>

## വായനക്കാരെ അറിയുക: ശ്രീജൻ

ബിയ ബൈജു



**കാര്യവട്ടം:** ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ഒരു സ്റ്റോറി എങ്ങനെ കൂടുതൽ വായനക്കാരിൽ എത്തിക്കാമെന്നത് വെല്ലുവിളിയാണെന്ന് 'ദി ഫോർത്ത്' ഡയറക്ടർ (ന്യൂസ്) ബി. ശ്രീജൻ പറഞ്ഞു. ഒന്നാം വർഷ എം. സി. ജെ. വിദ്യാർത്ഥികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബി ബി സി, അൽജസീറ പോലുള്ള സർക്കാർ നിക്ഷേപമുള്ള മാധ്യമങ്ങളെ പോലെയല്ല സ്വതന്ത്ര മാധ്യമങ്ങൾ. ചുവരുണ്ടെങ്കിലേ ചിത്രം വരക്കാൻ പറ്റൂ. അതിനാൽ വായനക്കാർക്ക് വേണ്ടി എഴുതുക പ്രസക്തമാണ്.

ഇന്ന് നടക്കുന്നത് യഥാർത്ഥ മാധ്യമപ്രവർത്തനമല്ലെന്ന് വാദിക്കുന്നവരോട്, എല്ലാകാലത്തും സെൻസേഷനൽ വാർത്തകൾ ഉണ്ടായിരുന്നെന്ന് ഉദാഹരണങ്ങളിലൂടെ അദ്ദേഹം ചൂണ്ടിക്കാട്ടി.

'മാധ്യമപ്രവർത്തകർ മക്റേക്കേർസ്' പോലെയാവണം. മറഞ്ഞിരിക്കുന്ന സത്യത്തിൻറെ ചുരുളഴിച്ചു കൊണ്ടേയിരിക്കണം. അതുകൊണ്ട് നെഗറ്റീവ് സ്വഭാവമുള്ള സ്റ്റോറികളോടുള്ള ചായ്‌വ് സ്വാഭാവികമാണ്. സേവനമായിട്ടാണോ തൊഴിലായിട്ടാണോ സമീപിക്കേണ്ടത് എന്നത് അവരവരുടെ തീരുമാനമാണ്' അദ്ദേഹം കൂട്ടിച്ചേർത്തു. പ്രബൽ ജെ പി സ്വാഗതവും സിന്റ്ല സാൻഡേഴ്സ് നന്ദിയും പറഞ്ഞു.

## മാധ്യമപ്രവർത്തകർ ഭരണകൂട സേവകരല്ല: രാജഗോപാൽ

കാർത്തിക എസ്



**കാര്യവട്ടം:** ഭരണകൂടം വെറുപ്പിന്റെയും ഭിന്നിപ്പിന്റെയും വക്താക്കളായി മാറുന്ന കാലത്ത് നിഷ്പക്ഷരായിരിക്കുക എന്നതാണ് ഏറ്റവും വലിയ കുറ്റകൃത്യമെന്ന് ടെലിഗ്രാഫ് എഡിറ്റർ അറ്റ് ലാർജ് ആർ രാജഗോപാൽ പറഞ്ഞു. ഇന്ത്യ കണ്ടതിൽ വച്ച് ഏറ്റവും വർഗീയസ്വഭാവമുള്ള സർക്കാരാണ് നമ്മെ ഭരിക്കുന്നത്. മാധ്യമങ്ങൾ അവർക്കു മുന്നിൽ മുട്ടിലിഴയുന്നത് സങ്കടകരമാണെന്നും രാജഗോപാൽ അഭിപ്രായപ്പെട്ടു.

ടെലിഗ്രാഫിൽ നിരന്തരമായി വരുന്ന ഭരണകൂട വിമർശനങ്ങൾ വായനക്കാരെ അസ്വസ്ഥരപ്പെടുത്തിയിട്ടുണ്ട്. 'സ്ക്രീമിങ് ജേർണലിസം' പത്രത്തിന്റെ വിപണിയെ പരിധിയിൽ കൂടുതൽ ബാധിച്ചിട്ടുണ്ടാവാം തനിക്ക് ലഭിച്ച ഈ 'സ്ഥാനക്കയറ്റ'ത്തിനു കാരണം.


മലയാള മാധ്യമങ്ങളുടെ സർഗാത്മകതയും തൊഴിൽനൈപുണ്യവും മികച്ചതാണെന്നും, എന്നാലവ അവശ്യസന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്താറില്ലെന്നും അദ്ദേഹം ആരോപിച്ചു. കായികം, സിനിമ തുടങ്ങിയ 'സോഫ്റ്റ് ജോണറു'കൾക്കാണ് മാധ്യമങ്ങൾ പ്രാധാന്യം നൽകുന്നത്.

ആത്യന്തികമായി അടിച്ചമർത്തപ്പെടുന്നവർക്കൊപ്പം ഉപാധികളില്ലാതെ നിലകൊള്ളുക എന്നതാണ് മാധ്യമധർമ്മം. എന്നാൽ 2014നു ശേഷം സർക്കാരിന്റെ വെറും 'മൗത്ത് പീസു'കളായാണ് ജനാധിപത്യത്തിന്റെ നാലാം തൂണ് മാറി കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ദേശീയ പത്രദിനത്തിന്റെ ഭാഗമായി കേരള സർവകലാശാല ഗവേഷക യൂണിയൻ സംഘടിപ്പിച്ച പരിപാടിയിലാണ് ആർ രാജഗോപാൽ വിദ്യാർത്ഥികളുമായി സംവദിച്ചത്. യൂണിയൻ പ്രസിഡന്റ് നവീൻ ചർച്ച നയിച്ചു.

# മനുഷ്യനായി കാണുക എന്നത് പ്രധാനം: നളിനി ജമീല

കാർത്തിക എസ്



**കാര്യവട്ടം** : ശരീരത്തിലെയും മനസ്സിലെയും ലിംഗ വേർതിരിവുകൾക്ക് അപ്പുറം മനുഷ്യനെ മനുഷ്യനായി കാണുന്നതാണ് പ്രധാനമെന്ന് ആക്ടിവിസ്റ്റും എഴുത്തുകാരിയുമായ നളിനി ജമീല പറഞ്ഞു. കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ്സിലെ ഡിപ്പാർട്മെന്റ്സ് സ്റ്റുഡന്റസ് യൂണിയൻ സംഘടിപ്പിച്ച 'ജീവിതത്തിന്റെ മധുരവും ചവർപ്പും' എന്ന പരിപാടിയിൽ സംസാരിക്കുകയിരുന്നു അവർ.

ലൈംഗിക തൊഴിലാളികളുടെ ജീവിതത്തിലെ പ്രതിസന്ധികളെയും മാറ്റി നിർത്തലുകളെയും കുറിച്ച് നളിനി ജമീല വിശദമായി സംസാരിച്ചു. ലൈംഗിക തൊഴിലാളികളെ സംരക്ഷിക്കാനുള്ള സർക്കാർ സംവിധാനങ്ങൾ ശക്തമാക്കണമെന്നും, ഇടനിലക്കാരെയും വേശ്യാലയങ്ങളെയും നിരോധിക്കുന്നത് തൊഴിൽ ചെയ്യാൻ അനുവദിച്ച് തൊഴിലിടങ്ങൾ ഇല്ലാതാകുന്നതിന് സമാനമാണെന്നും അവർ അഭിപ്രായപ്പെട്ടു. സംഘടന രൂപീകരിക്കുന്ന സമയത്ത് ആരും ധൈര്യത്തോടെ മുന്നോട്ട് വരില്ലെന്ന് പലരും പറഞ്ഞിരുന്നു. അത്തരം ആരോപണങ്ങളാണ് എഴുത്തിലേക്ക് തിരിയാൻ പ്രചോദനമായത്, നളിനി ജമീല പറഞ്ഞു.

വളർന്നു വരുന്ന തലമുറക്ക് ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെയും അവർ അഭിസംബോധന ചെയ്തു. മറ്റേത് ശരീര ഭാഗങ്ങളെ കുറിച്ച് പഠിപ്പിക്കുന്നത് പോലെ തന്നെ ലൈംഗിക അവയവങ്ങളെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കണം. അത്തരം അവയങ്ങളുടെ പേരും, 'വേശ്യ' എന്ന പദവുമെല്ലാം തെറികളായി സമൂഹത്തിൽ പരിണമിച്ചത് ഈ ബോധം സൃഷ്ടിക്കപ്പെടാത്തതുകൊണ്ടാണ്. 'എന്നെ സംബന്ധിച്ച് വേശ്യ നല്ല വാക്കാണ്..വശീകരിക്കാൻ ശക്തിയുള്ളവൾ എന്ന അർത്ഥമേ അതിനുള്ളൂ', കൈയ്യടികൾ നിറഞ്ഞ സദസ്സിനോടായി അവർ പറഞ്ഞു.

'മൂന്നാം ക്ലാസ്സ് വരെ മാത്രമേ ഞാൻ പഠിച്ചിട്ടുള്ളൂ. അത് കൊണ്ട് തന്നെ വായിക്കാൻ അറിയാമെന്നല്ലാതെ എഴുത്ത് വശമില്ല. എനിക്ക് എഴുതി തന്ന് സഹായിക്കാൻ തയ്യാറുള്ള ഗ്രൂപ്പ് കൂടെയുണ്ട് എന്നുള്ളതാണ് ഏറ്റവും വലിയ സന്തോഷം.'

### എഴുത്ത്, സാമൂഹ്യ പ്രവർത്തനം, സ്വപ്നങ്ങൾ, ഇനിയങ്ങോട്ട്..

ഇംഗ്ലീഷ്, തമിഴ്, ഗുജറാത്തി, ബംഗാളി തുടങ്ങിയ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയ 'ബെസ്റ്റ് സെല്ലേഴ്സ്' ആണ് ആത്മകഥയടക്കമുള്ള ജമീലയുടെ പുസ്തകങ്ങൾ. ആദ്യ പുസ്തകം പ്രസിദ്ധീകരിച്ച് മൂന്നു മാസം വരെ കക്ഷികളെ കിട്ടാത്ത സാഹചര്യം പോലും നിലനിന്നിരുന്നു. തൊഴിൽ കിട്ടാതാകുന്ന സാഹചര്യത്തിൽ, സർക്കാരിന്റെ ഭാഗത്തു നിന്ന് അവർക്ക് ജീവിക്കാൻ വേണ്ട അടിസ്ഥാന സഹായങ്ങൾ മാത്രം ലഭിച്ചാൽ മതി.

കലാമൂല്യവും സാമൂഹിക പ്രതിബദ്ധതയുമുള്ള നല്ല സിനിമയെടുക്കണം എന്നതാണ് അടുത്ത വലിയ സ്വപ്നം. ഈ എഴുപത്തിയൊന്നാം വയസ്സിലും പ്രണയവും സ്വപ്നങ്ങളുമായി, ഇനിയും എന്തൊക്കെ ചെയ്യാനുണ്ട്, കണ്ടെത്താനുണ്ട് എന്ന അന്വേഷണത്തിലാണ്. വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് സന്തോഷവതിയായി നളിനി ജമീല ഉത്തരങ്ങൾ നൽകി.

സെഷൻ കൈകാര്യം ചെയ്തത് അനു പൗലോസ് ആണ്. ഡിപ്പാർട്മെന്റ്സ് യൂണിയൻ വനിതാ പ്രതിനിധി സ്നേഹ സ്വാഗതവും അദൃശ്യ നന്ദിയും പറഞ്ഞു.

കളരി 30 ഡിസംബർ 2023

## വധശിക്ഷകൾ ആധുനിക സമൂഹത്തിന് ഭൂഷണമോ?

ആലുവയിൽ അഞ്ചു വയസ്സുകാരിയെ ബലാത്സംഗം ചെയ്ത് കൊന്ന കേസിലെ പ്രതി അസ്ഫാക് ആലമിനെ എറണാകുളം സെഷൻസ് കോടതി വധശിക്ഷക്ക് വിധിച്ചത് വീണ്ടും ഈ വിഷയത്തിൽ ചർച്ചകൾക്ക് വഴി വച്ചിരിക്കുകയാണ്. വധശിക്ഷയെന്ന പ്രാകൃത ശിക്ഷാ നിയമത്തെ എതിർത്തു കൊണ്ട് ആഗോള തലത്തിൽ വലിയ മുന്നേറ്റങ്ങളാണ് നടക്കുന്നത്. എന്നാൽ ഇന്ത്യയിൽ ഇന്നും പലരും വികാരപരമായാണ് ഈ വിഷയത്തെ വീക്ഷിക്കുന്നത്.

ആംനെസ്റ്റി ഇന്റർനാഷണലിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച് 112 രാജ്യങ്ങളിൽ വധശിക്ഷ നിരോധിച്ചിട്ടുണ്ട്. യുദ്ധങ്ങൾക്കിടെ നടത്തുന്നത് ഒഴികെയുള്ള കുറ്റകൃത്യങ്ങൾക്ക് 9 രാജ്യങ്ങളിലും വധശിക്ഷാ നിരോധന നിയമങ്ങൾ നിലവിലുണ്ട്. 23 രാജ്യങ്ങളിൽ വധശിക്ഷ നിയമം നിലനിൽക്കുന്നുണ്ടെങ്കിലും കഴിഞ്ഞ 10 വർഷങ്ങളിൽ ഒരാളെ പോലും വധശിക്ഷക്കായി വിധിച്ചിട്ടില്ല. ഭരണകൂടത്തിന് പൗരന്റെ ജീവനെടുക്കാനുള്ള അവകാശമില്ലെന്നും ആധുനിക ജനാധിപത്യ സമൂഹത്തിന്റെ മൂല്യങ്ങൾക്ക് ചേരാത്തതാണ് ഈ ശിക്ഷാരീതിയെന്നുമുള്ള വാദങ്ങൾ ശക്തി പ്രാപിക്കുകയാണ്.

നീണ്ട ജയിൽ കാലയളവുകളെക്കാൾ ഫലപ്രദമായി വധശിക്ഷ കുറ്റകൃത്യ നിരക്കുകൾ കുറക്കുമെന്നതിന് വിശ്വസനീയ തെളിവുകൾ ഇല്ലെന്ന് അമേരിക്കൻ സിവിൽ ലിബർറ്റീസ് യൂണിയൻ പറയുന്നു. സാമൂഹ്യ സാമ്പത്തിക ശ്രേണിയിൽ പിന്നാക്കം നിൽക്കുന്നവരോ വംശവർണ്ണ ന്യൂനപക്ഷങ്ങളിൽ പെടുന്നവരോ ആണ് കൂടുതലായി ശിക്ഷിക്കപ്പെടുന്നതും. പീഡനങ്ങളിലൂടെ നിർമിച്ചെടുക്കുന്ന തെളിവുകളും, വിചാരണകളിൽ നിയമപരമായ പ്രാതിനിധ്യത്തിനുള്ള അവകാശം ലഭിക്കാത്തതും ഇവരെ ദുർബലരാക്കുന്നു.

ഇന്ത്യൻ പീനൽ കോഡിനെ പുനസ്ഥാപിക്കുന്ന ഭാരതീയ ന്യായ സംഹിതയിൽ വധശിക്ഷ നിരോധനത്തിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇല്ലെന്നത് നിരാശാജനകമാണ്. 2007 മുതൽ 2022 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ 7 പേരെ മാത്രമാണ് വധശിക്ഷക്ക് വിധേയമാക്കിയത്. 2023ലെ എല്ലാ വിധികളും, 'അപൂർവങ്ങളിൽ അപൂർവം' അല്ലാത്തതിനാൽ, ഒന്നുകിൽ മാറ്റി വയ്ക്കുകയോ ജീവപര്യന്തമാക്കി കുറക്കുകയോ ചെയ്തിട്ടുണ്ട്.

ജീവപര്യന്തം തടവ് കൂടുതൽ കാഠിന്യമേറിയ ശിക്ഷയാണെന്നും കുറ്റവാളികൾക്ക് സ്വയം നവീകരണത്തിനുള്ള അവസരങ്ങൾ നൽകുന്നുവെന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഭാരതീയ ന്യായ സംഹിത 'ജീവപര്യന്തം' എന്ന പ്രയോഗത്തെ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അവശേഷിക്കുന്ന ഭാഗം എന്നാണ് നിർവചിക്കുന്നത്. സ്വാഭാവികമായും വധശിക്ഷയുടെ ബദൽ ഇതു തന്നെയാകണം. നിയമഗ്രന്ഥങ്ങളിൽ നിന്ന് വധശിക്ഷ ഒഴിവാക്കി യുക്തിസഹവും സാർവത്രികവുമായ ബദൽ രീതികൾ കൊണ്ടു വരുന്നത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിലെ സുപ്രധാന പരിഷ്കരണമായിരിക്കും.

## തലവര




# വിഴിഞ്ഞത്തെ 'വികസന'വെല്ലുവിളികൾ

പ്രബൽ ജെ പി



തിരമാലകൾ കഥപറയുന്ന, അറബിക്കടലിന്റെ ആശ്ലേഷത്തിൽ, ഇന്ത്യയുടെ സ്വപ്നങ്ങൾ ഉയർന്നുവരികയാണ്. അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മാതൃകയിൽ വികസിപ്പിച്ചെടുക്കുന്ന അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് 'ഡീപ് വാട്ടർ മൾട്ടി പർപ്പസ്' തുറമുഖമാണ് വിഴിഞ്ഞം തുറമുഖം.

2024 ഡിസംബറോടെ തുറമുഖം പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്ന ഇവിടെ 18,000 യൂണിറ്റ് കണ്ടെയ്നർ കാർഗോ കൈകാര്യം ചെയ്യാൻ കഴിയും. കേരള സർക്കാരും അദാനി ഗ്രൂപ്പും തമ്മിൽ 40 വർഷത്തേക്കുള്ള കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ 7,700 കോടി രൂപ നിക്ഷേപിക്കുന്ന പദ്ധതിയിൽ 2030 ഓടെ 20,000 കോടി രൂപ നിക്ഷേപിക്കുമെന്നാണ് കമ്പനിയുടെ വാഗ്ദാനം.

വെയർഹൗസുകൾ, ചരക്ക് കൈകാര്യം ചെയ്യൽ, ഗതാഗതം, ഡ്രഡ്ജിംഗ് ജോലികൾ, ഇന്ധന വിതരണം, ക്രൂ മാറ്റം തുടങ്ങിയ മേഖലകളിൽ വ്യാപാര, തൊഴിലവസരങ്ങൾ തുറക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെയും മറ്റ് പ്രാദേശിക തുറമുഖങ്ങളുടെയും വളർച്ചയ്ക്ക് സഹായകമാവുകയും ചെയ്യും. വിനോദസഞ്ചാര, ഹോസ്പിറ്റാലിറ്റി വ്യവസായ മേഖലയ്ക്കും ഉത്തേജനം നൽകും.

ഇന്ത്യയുടെ ട്രാൻസ്ഷിപ്പ്മെന്റ് ചരക്കിന്റെ ഏകദേശം 75% കൈകാര്യം ചെയ്യുന്നത് ഇന്ത്യയ്ക്ക് പുറത്ത് പ്രധാനമായും കൊളംബോ, സിംഗപ്പൂർ എന്നിവിടങ്ങളിലാണ്. വിഴിഞ്ഞം തുറമുഖം പൂർത്തിയാകുന്നതോടെ ഇന്ത്യയിലേക്കുള്ള എല്ലാ കപ്പലുകൾക്കും ഇവിടെ നങ്കൂരമിടാൻ കഴിയും, ഇത് രാജ്യാന്തര ഷിപ്പിംഗ് ചാനലിന് അടുത്താണ് എന്ന അധിക നേട്ടവുമുണ്ട്. ലോകമെമ്പാടുമുള്ള ചരക്ക് ഗതാഗതത്തിന്റെ 30% അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിലാണ്. ലോകത്തിലെ ഏറ്റവും വലിയ കപ്പലുകൾക്ക് വിഴിഞ്ഞം അനുയോജ്യമാണ്. ക്രൂയിസ് കപ്പലുകളെ ആകർഷിക്കുന്നതിലൂടെ ടൂറിസം സാധ്യതകൾക്കും ഉത്തേജകമാകും.

ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് വിഴിഞ്ഞം തുറമുഖം പദ്ധതി വിഭാവനം ചെയ്തത് മുതൽ വിവാദങ്ങളും പിന്തുടരുന്നുണ്ട്.

2011ൽ രണ്ടു തവണ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം തള്ളിക്കളഞ്ഞ പദ്ധതിയാണിത്. പദ്ധതി നിലവിൽ വന്നാൽ ആവാസവ്യവസ്ഥയെയും ജനങ്ങളുടെ ജീവിതത്തെയും ഗുരുതരമായി ബാധിക്കുമെന്നും ചൂണ്ടിക്കാട്ടിയാണ് അന്ന് അനുമതി നിഷേധിക്കപ്പെട്ടത്. പിന്നീട് 2014 ജനുവരിയിലാണ് പദ്ധതിക്ക് അനുമതി ലഭിക്കുന്നത്.

വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതിക അനുമതി ചോദ്യം ചെയ്ത് ദേശീയ ഹരിത ട്രിബ്യൂണലിന്റെ കേസുകൾ നിലനിൽക്കുന്നുണ്ട്. ജലത്തിന്റെ ഒഴുക്കിനെ തടയുന്ന പുലിമുട്ട് പോലുള്ള നിർമ്മിതികളാണ് പ്രശ്നമാകുന്നത്. വൈവിധ്യമേറിയ സമുദ്രജീവികളുടെയും സസ്യങ്ങളുടെയും നിലനിൽപ്പിന് തുറമുഖനിർമാണം പ്രതിസന്ധി സൃഷ്ടിക്കുന്നു.

വിഴിഞ്ഞം ഹാർബറിൽ അപകടങ്ങൾ തുടർക്കഥയാണ്. അഞ്ച് മത്സ്യത്തൊഴിലാളികൾ ഹാർബർ അപകടത്തിൽ ഇതിനോടകം (2018ന് ശേഷം) മരണപ്പെട്ടു. പ്രദേശത്തെ മത്സ്യ, ചിപ്പിത്തൊഴിലാളികളുടെ തൊഴിലുകൾ ഇല്ലാതാക്കപ്പെട്ടു. ബ്രേക്ക് വാട്ടർ നിർമാണം മൂലം വിഴിഞ്ഞത്തു നിന്ന് 15 കിലോമീറ്റർ വരെ നീളുന്ന തീരപ്രദേശം നഷ്ടമായി.

തൊഴിലും തൊഴിലിടങ്ങളും നഷ്ടപ്പെട്ടവർ പുനരധിവസിക്കപ്പെടണം. ഭവനം നഷ്ട്ടപ്പെട്ടവർക്കു സ്ഥലമെടുത്ത് വീടുവച്ചുനൽകണം. കുടിയൊഴിപ്പിക്കപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം നൽകാനും അവരുടെ അവകാശങ്ങൾ പുനസ്ഥാപിക്കാനും സംവിധാനം ഉണ്ടായിരിക്കണം. മൂല്യവത്തായ സമുദ്രജൈവ വൈവിധ്യത്തിന്റെ അവഗണന പരിഹരിക്കുന്നതിന് പരിസ്ഥിതി ആഘാത വിലയിരുത്തൽ നടത്തേണ്ടതുണ്ട്.

# കളിപ്പാട്ടങ്ങളിൽ ചോര പടരുമ്പോൾ...

അനുശ്രീ വി നായർ

ഭൂപ്രദേശങ്ങൾ, അതിർത്തികൾ, പരമാധികാരം, സ്വയം നിർണ്ണയാവകാശം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇസ്രായേലികളും പലസ്തീനികളും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന തർക്കമാണ് ഇസ്രായേൽ പലസ്തീൻ സംഘർഷത്തിനാധാരം. 20ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തുടങ്ങി ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ സംഘർഷങ്ങളിൽ ഒന്നാണിത്.
ആക്രമണത്തിന്റെ ഇരകളിൽ ഏറിയ പങ്കും കുട്ടികളും സ്ത്രീകളുമാണ്.

മനുഷ്യരാശിയെ ഞെട്ടിപ്പിക്കുന്നതും നൊമ്പരപ്പെടുത്തുന്നതുമായ വാർത്തകളാണ് ഈ അടുത്ത കാലങ്ങളിലായി പുറത്ത് വന്നു കൊണ്ടിരിക്കുന്നത്. അതിൽ ഹൃദയഭേദകമായ ഒന്നാണ് എണ്ണമില്ലാതെ മരിച്ചു വീണു കൊണ്ടേയിരിക്കുന്ന ഗാസയിലെ കുഞ്ഞുങ്ങൾ. മഴവില്ലുകളും നക്ഷത്രങ്ങളും മാത്രം നിറയേണ്ട കുഞ്ഞു കണ്ണുകളിൽ ഇന്ന് മിസൈലുകൾ ഭീകര ശബ്ദത്തിൽ വന്നു പതിക്കുമ്പോൾ, പ്രിയപ്പെട്ടവർ ക്രൂരമായി പീഡിപ്പിക്കപ്പെടുന്നതും മരിച്ചുവീഴുന്നതും കാണുമ്പോൾ, ആ കുഞ്ഞു മനസ്സുകളിൽ മരണം വരെ ഉണങ്ങാത്ത മുറിവുകളാണ് അവശേഷിക്കുന്നത്. മരണത്തെ നേരിൽ കണ്ട്, തന്റെ കളിപ്പാട്ടങ്ങളും വസ്ത്രങ്ങളുമെല്ലാം തന്റെ കൂട്ടുകാർക്കും അനിയത്തിക്കും നൽകണമെന്നുള്ള ഹയയുടെ ഒസ്യത്ത് നിസ്സഹായതയോടെയല്ലാതെ ആർക്കും വായിക്കാൻ സാധിക്കില്ല.



**മകളേ മാപ്പ്** ...*ഗാസയിലെ നാസർ ആശുപത്രിയിൽ നിന്ന് തന്റെ മകളുടെ ജഡത്തെ വാരിപ്പുണർന്ന് പൊട്ടിക്കരയുന്ന ജെമിൽ എന്ന പലസ്തീനിയൻ യുവാവ്* (ഫോട്ടോ: മുസ്തഫ ഹസ്സോന)

ഇസ്രായേൽ സൈന്യത്തിന്റെ ആക്രമണം രണ്ടാം ലോക മഹായുദ്ധത്തെ ഓർമിപ്പിക്കുന്ന ഒരു വംശീയ ഉന്മൂലനത്തിന്റെ ഭാഗമാണെന്നാണ് ഗാസയിലെ നിരവധി സംഘടനകൾ ആരോപിക്കുന്നത്. ഇസ്രായേൽ സർക്കാർ ഗാസയിലെ പലസ്തീനി ജനങ്ങളെ കൂട്ടക്കൊല ചെയ്യുകയാണെന്ന് ഇവർ ആരോപിക്കുന്നു.

പുറത്തു വരുന്ന കണക്കുകൾ മാത്രം പറയുന്നത് ഇതുവരെയും 4600ഓളം കുഞ്ഞുങ്ങൾ മരണപെടുകയും 9000ത്തോളം കുഞ്ഞുങ്ങൾക്ക് പരിക്കേൽകുകയും ചെയ്തിരിക്കുന്നു എന്നാണ്. ഇന്ധനങ്ങളുടെയും ഓക്സിജന്റെയും ലഭ്യതകുറവും വൈദ്യുതിയില്ലാത്തതിനാൽ പ്രവർത്തനക്ഷമമായ ഇൻക്യൂബെറ്ററുകളും കുഞ്ഞുങ്ങളുടെ മരണത്തിനു കാരണമാകുന്നു. ഓരോ 10മിനിറ്റിലും ഓരോ കുഞ്ഞുങ്ങൾ വീതം ഗാസയിലെ ആശുപത്രികളിലും അല്ലാതെയും മരണപ്പെടുന്നു എന്നാണ് ലോകാരോഗ്യ സംഘടന പുറത്ത് വിടുന്ന കണക്കുകൾ. 'ഇന്നലെ എനിക്ക് 39 കുട്ടികൾ ഉണ്ടായിരുന്നു എന്നാൽ ഇന്ന് അത് 36 ആയിരിക്കുന്നു. ഓരോ കുഞ്ഞുങ്ങളുടെയും ജീവൻ നിലനിർത്താൻ സാധിക്കാതെ നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരുന്ന അവസ്ഥയാണ് ഞങ്ങൾ ഓരോ ഡോക്ടർമാർക്കും. ഒരു മണിക്കൂറിൽ എനിക്ക് രണ്ടു കുഞ്ഞുങ്ങളെ നഷ്ടമാകുന്നുണ്ട്'. ഗാസയിലെ ഡോക്ടർ മുഹമ്മദ് തബാഷ റോയിട്ടേഴ്സിനോട് സംസാരിക്കുന്നു. തകർക്കപ്പെട്ട കെട്ടിങ്ങൾക്കിടയിലും മറ്റും കുടുങ്ങി കാണാതായിരിക്കുന്ന കുട്ടികളുടെ എണ്ണം രണ്ടായിരത്തിനടുക്കെ ആണെന്നാണ് ഗാസയിൽ നിന്നുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത്.
പോഷകാഹര കുറവു തുടങ്ങി മറ്റൊരുപാട് പ്രശ്നങ്ങൾ ഗാസയിലെ കുഞ്ഞുങ്ങൾ കഴിഞ്ഞ 18 വർഷമായി അനുഭവിച്ചു വരികയാണ്. ഏതൊരു കുട്ടിക്കും അനുഭവിക്കാൻ കഴിയുന്നതിന്റെ എത്രയോ ഇരട്ടി ഗാസയിലെ കുഞ്ഞുങ്ങൾ ഇതിനോടകം അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു. സ്കൂളുകൾ പൂർണ്ണമായും ബോംബുകളിൽ ചാരമായി മാറുകയോ അടച്ചു പൂട്ടപ്പെടുകയോ ചെയ്തിട്ടുണ്ട്.

അതെ, ഗാസ ഒരു ശവപ്പറമ്പായി മാറിയിരിക്കുകയാണ്. ജനിച്ചു വീണ് ദിവസങ്ങൾ പോലും ഭൂമിയിൽ തികയ്ക്കാൻ കഴിയാത്ത പിഞ്ചു കുഞ്ഞുങ്ങളുടെ ശവപ്പറമ്പ്.

# ചികിത്സ തേടി മെഡിക്കൽ കോളേജ്

വിഷ്ണു ദേവ്




*തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്രവേശനകവാടം*

**തിരുവനന്തപുരം** : കേരളത്തിലെ പ്രധാന ആരോഗ്യ കേന്ദ്രമായ തിരുവനന്തപുരം മെഡിക്കൽ കോളേജ് കേരളത്തിലെ ആരോഗ്യ മേഖലയ്ക്ക് നൽകുന്ന സംഭാവനകൾ നിരവധിയാണെങ്കിലും തുടർവികസനം മുരടിച്ചു കിടക്കുന്നു.

മെഡിക്കൽ വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള പഠനാനുഭവത്തെയും ക്ഷേമത്തെയും തടസ്സപ്പെടുത്തുന്ന നിരവധി വെല്ലുവിളികൾ ഇവിടെ നിലനിൽക്കുന്നു. വിദ്യാർഥികൾ പല തവണ പരാതി നൽകിയിട്ടും, അധികൃതർ വേണ്ട രീതിയിലുള്ള നടപടികളിലേക്ക് നീങ്ങിയിട്ടില്ല.

1951ൽ സ്ഥാപിതമായ തിരുവനന്തപുരം മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെയും ഓഫർ ചെയ്യുന്ന പ്രോഗ്രാമുകളുടെയും കാര്യത്തിൽ ഒരുപാടു മുന്നേറിയിട്ടുണ്ട്. എന്നാൽ വർദ്ധിച്ചുവരുന്ന വിദ്യാർത്ഥിസംഖ്യയും വികസിച്ചുകൊണ്ടിരിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ നിലവാരവും അനുസരിച്ച്, അടിസ്ഥാന ഭൗതിക സൗകര്യങ്ങളുമായി ബന്ധപ്പെട്ട ആശങ്കകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

കശ്മീർ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുപോലും വിദ്യാർഥികൾ ഇവിടെ പഠിക്കാനെത്തുന്നുണ്ട്. നിലവിലുള്ള മെഡിക്കൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ ഹോസ്റ്റൽ സൗകര്യങ്ങൾ അപര്യാപ്തമാണ്. ഒരു മുറിയിൽ കുറഞ്ഞത് 4 വിദ്യാർഥികളാണ് താമസിക്കുന്നത് . ലേഡീസ് ഹോസ്റ്റലിൽ ഒരു മുറിയിൽ 6 വിദ്യാർഥികൾ എന്നുള്ളത് വിദ്യാർത്ഥികളുടെ നിരന്തരമായ പരാതിയെത്തുടർന്ന് 4 വിദ്യാർത്ഥികളാക്കി ചുരുക്കിയിട്ടുണ്ട്.

അടുത്ത കാലത്തായി, മെഡിക്കൽ കോളേജ് കാറ്ററിംഗ് സൊസൈറ്റിയുടെ കീഴിലുള്ള കാന്റീന്റെ ഒരു ഭാഗം ഇടിഞ്ഞു വീണിരുന്നു. നഴ്സിങ് വിദ്യാർഥികൾ ഉൾപ്പടെയുള്ളവർ ആശ്രയിക്കുന്ന ഈ ക്യാന്റീൻ മെഡിക്കൽ കോളേജിലെ ഭൗതിക സാഹചര്യങ്ങളുടെ ശോചനീയ അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

വിദ്യാർത്ഥികളുടെ സാധനസാമഗ്രികളുടെ സുരക്ഷയും ഏറെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ആൺകുട്ടികളുടെ ഹോസ്റ്റലിൽ നിന്ന് മൊബൈൽ ഫോണുകൾ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ മോഷണം പോകുന്നതായും പരാതിയുണ്ട്. സിസിടിവി ക്യാമറകളിൽ പ്രതിയുടെ ദൃശ്യങ്ങൾ പതിഞ്ഞെങ്കിലും പോലീസിനോ കോളേജ് അധികൃതർക്കോ പിടികൂടാനായിട്ടില്ല. ആമസോൺ പാക്കേജുകളും മറ്റ് കൊറിയറുകളും സ്വന്തം ഹോസ്റ്റലുകളിൽ നിന്ന് അപ്രത്യക്ഷമാകുന്നതും ഇവിടെ പതിവ് പ്രശ്നമായി തുടരുകയാണ്.

പാർക്കിംഗ് സ്ഥലത്തിന്റെ അപര്യാപ്തതയും കനത്ത ഗതാഗതക്കുരുക്കും കോളേജിലേക്കും തിരിച്ചുമുള്ള യാത്ര വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ വെല്ലുവിളിയുയർത്തുന്നു. ഒ.പി ബ്ലോക്കിലേക്കുള്ള റോഡിൽ ഗതാഗത കുരുക്ക് കാരണം ബുദ്ധിമുട്ടുന്നത് രോഗികൾ കൂടിയാണ്. പരാതികൾക്ക് പിന്നാലെയുണ്ടായ പോലീസ് നടപടി സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുന്നു. അനധികൃത പാർക്കിങ്ങ് ഒഴിവാക്കാൻ എന്ന പേരിൽ, റോഡിന്റെ ഇരുവശങ്ങളിലും കല്ലും കമ്പുകളും നാട്ടി അതിൽ കയർ വലിച്ചു കെട്ടിയിരിക്കുകയാണ്.

നിയമങ്ങൾ ശക്തമാക്കുന്നുണ്ടെങ്കിലും റാഗിംഗ് ഇന്നും തുടരുന്നതായി പരാതിയുണ്ട്. ജൂനിയർ വിദ്യാർഥികൾക്ക് സ്വന്തം വാഹനം ഹോസ്റ്റലിലേക്ക് കൊണ്ടുപോകാനോ, വിനോദങ്ങൾക്കായി പുറത്തേക്ക് പോകാനോ ടർഫുകളിൽ പോയി കളിക്കാനോ കഴിക്കാറില്ല. ക്യാമ്പസ് ഗ്രൗണ്ടിൽ നിർദ്ദിഷ്ട സമയത്ത് മാത്രമേ അനുവാദമുള്ളൂ. ഇതു മൂലം അനുഭവിക്കേണ്ടി വരുന്ന മാനസിക പിരിമുറുക്കം വളരെ വലുതാണ്. എന്നാൽ വിദ്യാർഥികളുടെ ഭാഗത്തു നിന്ന് പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും, അങ്ങനെ സംഭവിച്ചാൽ നടപടിയുണ്ടാകും എന്നുമാണ് ബന്ധപ്പെട്ട അധികാരികളുടെ പ്രതികരണം.


# മുടങ്ങിക്കിടക്കുന്ന 'ഗ്രാന്റുകൾ'

# ചുവപ്പ് നാടകളിൽ കുരുങ്ങി ഗവേഷകർ

സിന്റില സാൻഡേഴ്സ്

**കാര്യവട്ടം:** 2023 ഒക്ടോബർ 13നു 'പയ്ക്കിഞ്ചന' എന്ന പേരിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ഒരുകൂട്ടം ഗവേഷകവിദ്യാർഥികൾ വലിയ രീതിയിൽ സമരം സംഘടിപ്പിച്ചു. ഈ പശ്ചാത്തലത്തിൽ നടത്തിയ അന്വേഷണം ചെന്നെത്തിയത്, ഇനിയും കിട്ടേണ്ടത് കിട്ടാതെ പ്രതിസന്ധിയിലുഴലുന്ന പലരുടെയും നിസ്സഹായാവസ്ഥയിലേക്കാണ്.

പട്ടികവിഭാഗത്തിൽപെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് പ്രതിമാസം 23,250 രൂപയാണ് ഇഗ്രാന്റ്സ് തുകയായി പട്ടികജാതിപട്ടികവർഗ്ഗ വകുപ്പ് നൽകേണ്ടത്. നേരത്തെ സംസ്ഥാനസർക്കാർ നേരിട്ട് അനുവദിച്ചിരുന്ന ഇഗ്രാന്റ്സ് തുക കഴിഞ്ഞ രണ്ടു വർഷങ്ങളായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്നാണ് നൽകുന്നത്. 350ഓളം ഗവേഷക വിദ്യാർത്ഥികൾക്ക് പതിനൊന്നു മാസം ഫെല്ലോഷിപ്പ് മുടങ്ങിയതായി 2023 സെപ്റ്റംബറിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.



പട്ടികജാതി പട്ടികവർഗ്ഗക്ഷേമപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ ജില്ലകൾ തോറും പ്രവർത്തിക്കുന്ന ഐ ടി ഡി പി ഓഫീസുകളും എസ് സി, എസ് ടി ഡയറക്ടറേറ്റ് ഓഫീസുകളും കേന്ദ്രീകരിച്ചാണ് വിദ്യാർത്ഥികളുടെ ഇഗ്രാന്റ്സ് സംവിധാനം പ്രവർത്തിക്കുന്നത്. സ്കോളർഷിപ് വിതരണം കൃത്യമായി ചെയ്യാൻ ഈ സ്ഥാപനങ്ങൾ ശ്രമിക്കാറില്ല എന്നാണ് ഗവേഷകരുടെ ആരോപണം. സർക്കാരിന്റെ സാമ്പത്തിക പിന്തുണയിൽ പ്രതീക്ഷയർപ്പിച്ച് ഗവേഷണത്തിനു ചേർന്ന വിദ്യാർഥികൾ ഹോസ്റ്റൽ ഫീസ് അടക്കാനും ഗവേഷണസംബന്ധമായ ഫീൽഡ്‌വർക്ക് ചെയ്യാനും കഴിയാതെ പഠനം തുടരാനാകാത്ത അവസ്ഥയിൽ നിന്നാണ് അവർ സമരത്തിലേക്ക് നീങ്ങുന്നത്.

ബന്ധപ്പെട്ട ഓഫീസുകളിൽ കയറിയിറങ്ങിയ ഗവേഷകർക്കുമുന്നിൽ കൈമലർത്തുകയായിരുന്നു അധികൃതർ. സാങ്കേതിക പ്രശ്നങ്ങൾ, കേന്ദ്രസർക്കാറിന്റെ എസ് എൻ എ സംവിധാനത്തിലെ തകരാറുകൾ തുടങ്ങിയ കാരണങ്ങളാണ് അവർ നിരത്തുന്നത്. ധനവകുപ്പിൽ നിന്ന് ഫണ്ട് അനുവദിക്കപ്പെടുന്നില്ല എന്ന ന്യായീകരണവുമുണ്ട്.

ജനുവരിയിൽ വർധിപ്പിച്ച യു.ജി.സി ഗ്രാന്റ്സിനു ആനുപാതികമായുള്ള വർധനവ് ഗവേഷകവിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടതാണ്. യു ജി സി ഫെല്ലോഷിപ്പിന്റെ 75% ഇഗ്രാന്റ്സ് നൽകണം എന്ന ചട്ടമനുസരിച്ച് 42,000 എന്ന തുകയ്ക്ക് ആനുപാതികമായി 31,500 ആണ് ലഭിക്കേണ്ടത്. എന്നാൽ ഈ സ്ഥാനത്ത് 26,250 രൂപ മാത്രമാണ് ലഭിക്കുന്നത് (എസ്. ആർ. എഫ്).

ജനുവരിയിൽ ഫെല്ലോഷിപ് വർധിപ്പിച്ച സാഹചര്യത്തിൽ ആനുപാതികവർധനവിന്റെ സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടില്ല. ഒക്ടോബർ അവസാനവാരത്തോടെ വന്ന 'ഇഗ്രാന്റ്സ് അനുവദിച്ചു' എന്ന ഉത്തരവിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ പൂർണ്ണമായും അംഗീകരിക്കപ്പെട്ടിട്ടില്ലെന്നും ആക്ഷേപമുണ്ട്.

എസ് ആർ എഫ് എന്ന നിലയിൽ ലഭിക്കേണ്ട 32,500 രൂപയും അതോടൊപ്പം കണ്ടിജന്റ് ഗ്രാന്റ് 15,000 രൂപയും അടക്കം ആദ്യമാസം ഏകദേശം 45,000ത്തിനടുത്ത് തുക ലഭിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ ഈ തുക ലഭിക്കണമെങ്കിൽ സെക്ഷൻ ഓഫീസർമാർക്ക് മുന്നിൽ, യുജിസി ഫെല്ലോഷിപ്പ് വർധനവിന്റെ ഓർഡറും അതിന്റെ 75% ആണ് ഇഗ്രാന്റ്സ് എന്ന സർക്കുലറും ചേർത്ത് കാണിച്ച് അപേക്ഷ നൽകണം. ഈ പ്രതിസന്ധി പരിഹരിക്കാൻ ഒരു സർക്കാർ ഉത്തരവ് മതി. അതിനെടുക്കുന്ന സമയം അനിശ്ചിതമായി നീളുകയാണ്. പല വിദ്യാർഥികൾക്കും ഫെല്ലോഷിപ്പ് തുകയ്ക്കായി അപേക്ഷിക്കാൻപോലും പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ഒ ബി സി, ഒ ഇ സി എന്നീ വിഭാഗങ്ങൾക്ക് ഇഗ്രാന്റ്സ് കിട്ടിയിട്ടേയില്ല എന്ന വസ്തുതയും നിലനിൽക്കുന്നു. 'ഗവേഷണം ചെയ്യാനുള്ള സാമ്പത്തികാസ്രോതസ്സില്ലാതെ, അത് നിഷേധിക്കപ്പെട്ട നിലയിൽ, ഞങ്ങളുടെ പുരോഗതി ഗൈഡിനും യൂണിവേഴ്സിറ്റിക്കും എങ്ങനെ സമർപ്പിക്കും? ഇഗ്രാന്റ് ആയതിനാൽ കടം വാങ്ങിക്കാൻ കഴിയുന്നില്ല. ഗവേഷണത്തിനായി ഒരു സമയപരിധി ഷെഡ്യൂൾ ചെയ്തുകൊണ്ട് പാർട്ട് ടൈം ജോലി ചെയ്യാനും കഴിയില്ല', കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിൽ ഗവേഷണം ചെയ്യുന്ന വിനയൻ പറയുന്നു.

സ്കൂൾതലം മുതൽ ഗവേഷണതലം വരെ ഇഗ്രാന്റ്സ് വിതരണം കൈകാര്യം ചെയ്യുന്നിടത്ത് ഓരോ ജില്ലാ ഓഫീസിലും ഒരു ഉദ്യോഗസ്ഥനേയുള്ളു എന്നതും പ്രധാന പ്രശ്നമാണ്. എസ്. സിഎസ് ടി. ഡയറക്ടറേറ്റിൽ നിന്നു കിട്ടിയ മറുപടി, 'ഇക്കഴിഞ്ഞ സെപ്റ്റംബർ വരെയെത്തിയെ ക്ലെയിം എല്ലാം പോയിട്ടുണ്ട്, വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ ജില്ലാ ഓഫീസിലും ഉദ്യോഗസ്ഥരുടെ കണക്കുണ്ട് എന്നാണ്'.

വെബ്സൈറ്റിൽ മറ്റു സാങ്കേതികപ്രശ്നങ്ങളൊന്നുമില്ല'. സ്കൂൾതലം മുതൽ ഗവേഷണംതലം വരെയുള്ള വിതരണം ഒന്നിച്ച് കൈകാര്യം ചെയ്യുന്നിടത്ത് ഉണ്ടേയേക്കാവുന്ന കാലതാമസത്തിന് പരിഹാരം, ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഇഗ്രാന്റ്സ് വേറെയായി പരിഗണിക്കുക എന്നതാണ്.

പ്രശ്നങ്ങൾ പടിപടിയായി പരിഹരിക്കപ്പെടുന്നുണ്ട് എന്നത് ആശ്വാസമേകുന്നു. എന്നിരുന്നാലും പ്രതിമാസം നിശ്ചിതതുക ലഭിക്കണ്ടിടത്ത്, ആറേഴുമാസങ്ങൾ കൂടുമ്പോൾ ഒന്നിച്ചൊരു തുക ലഭിക്കുമ്പോൾ ഉയരുന്ന പ്രതിസന്ധികൾ അനവധിയാണ്. മെസ്സ് ബിൽ, ഹോസ്റ്റൽ ഫീ, പേപ്പർ പ്രസന്റേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കെല്ലാം കടം വാങ്ങേണ്ടി വരുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്.

'ഞങ്ങൾ മരിച്ചുതീർന്നവരല്ല, ഞങ്ങൾക്കുവേണ്ടത് മ്യൂസിയങ്ങളല്ല, മറിച്ച് വിദ്യാഭ്യാസവും ആരോഗ്യവും അടിസ്ഥാനസൗകര്യങ്ങളുമാണ്', ഊരാളി ആദിവാസിവിഭാഗത്തിൽ നിന്നുള്ള ഗവേഷകവിദ്യാർത്ഥി അജിത് ശേഖരന്റെ വാക്കുകൾക്ക് സമരവീര്യത്തിൽ ശക്തിയേറുകയാണ്.

# സാറ പറഞ്ഞു, അവർ വരച്ചു



*ഷജിത്തും സ്മിതയും*

അനൂജ ജി

നേരിട്ട് കണ്ടിട്ടില്ലാത്തൊരാളെ മറ്റൊരാളുടെ ഓർമയിൽ നിന്നും പകർത്തി, രേഖാച്ചിത്രമായി വരയ്ക്കുക എന്നാൽ അത്ര എളുപ്പമുള്ള കാര്യമല്ല.

കുറ്റവാളികളെ കണ്ടെത്താൻ കാലാകാലങ്ങളായി പോലീസ് പിന്തുടരുന്ന രീതിയാണ്, ദൃക്സാക്ഷികളുടെ സഹായത്തോടെ പ്രതി എന്ന് സംശയിക്കുന്നയാളുടെ രേഖാ ചിത്രം തയ്യാറാക്കുക എന്നത്. എന്നാൽ പലപ്പോഴും അതിൽ കൃത്യത ഉണ്ടാകാറില്ല, സാക്ഷികളുടെ അവ്യക്തമായ വിശദീകരണങ്ങൾ, പ്രത്യേകിച്ചും പ്രായം, ശരീരഘടന, മുഖസവിശേഷതകൾ എന്നിവ ചിത്രകാരനെ ബുദ്ധിമുട്ടിലാക്കുകയും രേഖാചിത്രത്തിന്റ പൂർണതയെ ബാധിക്കുകയും ചെയ്യും.

കൊല്ലം ഓയൂരിൽ ആറു വയസ്സുകാരിയെ തട്ടിക്കൊണ്ടു പോയവരിലേക്ക് പോലീസ് എത്തിയതും ഇതേ മാർഗത്തിൽ തന്നെ. എന്നാൽ ഒരു പ്രത്യേകത ഉണ്ട്. രേഖാ ചിത്രങ്ങൾ കിറുകൃത്യം. അതിന് വേണ്ട വിവരങ്ങൾ നൽകിയതു ആറു വയസ്സുള്ള അഭിഗേൽ സാറ. രേഖാ ചിത്രങ്ങൾ വരച്ച സ്മിതയ്ക്കും ഷജിത്തിനും ഒപ്പം പ്രകീർത്തിക്കപ്പെടേണ്ടത് ആ കുഞ്ഞിന്റെ നിരീക്ഷണവും കൂടിയാണ്.

കൊല്ലം ആശ്രാമം മൈതാനത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ കുട്ടിയെ കൊല്ലം എസ് എൻ കോളേജിലെ മൂന്ന് വിദ്യാർത്ഥിനികൾ തിരിച്ചറിയുകയും നാട്ടുകാർ പോലീസിനെ അറിയിക്കുകയുമായിരുന്നു. 22 മണിക്കൂർ നീണ്ട തിരച്ചിലിനൊടുവിൽ കണ്ടെത്തിയ കുട്ടിയെ ചെറിയ അവശതയെ തുടർന്ന് വിക്ടോറിയ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

ഈ സമയം സ്കൂളിലെ അധ്യാപകൻ പറഞ്ഞു വിട്ട ചിത്രകലാ അധ്യാപികയായ സ്മിത കളിക്കുന്നതിനിടയിൽ ക്രയോൺസ് നൽകി കുട്ടിയെക്കൊണ്ട് പേപ്പറിൽ വെറുതെ ഓരോന്ന് വരപ്പിച്ചു. കഴിഞ്ഞ ദിവസം താമസിച്ച വലിയ വീടും പടികളും പടിയുടെ താഴെ കെട്ടിയിട്ട നായയും എല്ലാം അവ്യക്തമായി കുട്ടി കോറിയിടുകയും പറയുകയും ചെയ്തു.


ഇതിനിടെയാണ് കംപ്യൂട്ടറിൽ കാർട്ടൂൺ കാണിച്ചു കൊടുത്ത ഇക്രു ആന്റിയെക്കുറിച്ച് പരാമർശിച്ചത്. രാത്രി കണ്ട ടോം ആൻഡ് ജെറി കാർട്ടൂൺ സ്മിതയുടെ ഫോണിൽ കുട്ടി കാണിച്ചു കൊടുത്തു. പിന്നെ ചോദ്യവും പറച്ചിലും ആന്റിയെക്കുറിച്ചായി. രൂപത്തെക്കുറിച്ച് കുട്ടിക്കുണ്ടായ നല്ല ധാരണയാണ് രേഖാചിത്രത്തിന് വ്യക്തത നൽകിയത്. ഇതിനിടയിൽ വീട്ടിലുണ്ടായിരുന്ന മാമനെക്കുറിച്ചായി സംസാരവും വരയും. വരയ്ക്കുന്നതിനിടയിൽ കുട്ടി തന്നെ ഇടപെട്ട് തിരുത്തലുകൾ വരുത്തിക്കൊണ്ടിരുന്നു. കഷണ്ടി കയറിയ തലയും മീശയ്ക്കിടയിലെ വിടവും കണ്ണടയുമൊക്കെ വരയ്ക്കുന്നതിൽ കുട്ടിയുടെ ഓർമ വലിയ സഹായമായി. മുറിയിലുണ്ടായിരുന്ന പലരുടെയും കണ്ണടകൾ കാണിച്ച ശേഷമാണ് പ്രതിയുടെ കണ്ണട വരച്ചത്.രേഖാ ചിത്രത്തിലെ കണ്ണടയും കഷണ്ടിയും മീശയുമാണ് പ്രതിയിലേക്ക് എത്താൻ ഏറെ സഹായിച്ചത്. കുട്ടിയുമായി സംസാരിക്കുന്നതിനിടയിൽ സ്മിത വരയ്ക്കുന്ന രൂപങ്ങൾക്ക് കൂടുതൽ മിഴിവ് നൽകിയ ഷജിത്ത് രേഖാചിത്രത്തിന് പ്രതിയിലേക്കുള്ള ദൂരം കുറച്ചുകൊണ്ടേയിരുന്നു.

കുട്ടിയെ തട്ടിക്കൊണ്ടുപോയ ദിവസം അർധരാത്രി എസിപി പ്രദീപ് കുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം വീട്ടിലെത്തിയാണ് ദമ്പതികളെക്കൊണ്ട് ആദ്യ രേഖാചിത്രം വരപ്പിച്ചത്. വർഷങ്ങളായി ചിത്രകലാരംഗത്ത് ഉണ്ടെങ്കിലും ഇവർ ആദ്യമായാണ് ഒരു കേസിലെ പ്രതിയുടെ രേഖാചിത്രം വരക്കുന്നത്.

ലളിതകലാ അക്കാദമിയുടെ പുരസ്കാരത്തിന് അർഹരായ ആദ്യ ചിത്രകാര ദമ്പതികളാണ് ഷജിത്തും സ്മിതയും. ഇതിനു ശേഷം ഡൽഹിയിൽ ഡിസംബർ 15 മുതൽ നടന്ന ചിത്ര പ്രദർശനത്തിന്റെ ഭാഗമായിരുന്നു ഷജിത്ത്.

നീരാവിൽ പ്രകാശ് കലാകേന്ദ്രത്തിലെ പ്രധാന അഭിനേത്രി കൂടിയായ സ്മിത തീണ്ടാരിപ്പച്ച നാടകത്തിലെ മുഖ്യ അഭിനേതാവാണ്. തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ പി ജി വിദ്യാർത്ഥിയാണ് ഷജിത്ത്. ഇവരുടെ മൂത്ത മകൻ അകിര പതിനൊന്നാം ക്ലാസ്സിലും ഇളയ മകൻ റിവേര ആറിലുമാണ് പഠിക്കുന്നത്. അച്ഛനമ്മമാരുടെ പാത പിന്തുടർന്ന് കലോത്സവ വേദികളിൽ പ്രതിഭ തെളിയച്ചവരാണ് ഇരുവരും. നാടകം, മോണോ ആക്ട് തുടങ്ങിയ ഇനങ്ങളിലാണ് ജില്ലാതലത്തിൽ ഇവർ മികവ് പുലർത്തിയത്. കൊല്ലത്തു താമസമാക്കിയ ഷജിത്തിന്റെ സ്വദേശം കണ്ണൂരാണ്.

'പാക്കളം' എന്ന പേരിൽ ലളിതകലാ അക്കാദമിയുടെ സമകാലിക ഏകാംഗ പ്രദർശന പദ്ധതിയുടെ ഭാഗമായി സ്മിത എം ബാബുവിന്റെ കലാപ്രദർശനം എറണാകുളം ഡർബാർ ഹാളിൽ ഡിസംബർ 14ന് നടന്നു. കേരള ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചേരോത്ത് ആണ് പ്രദർശനം ഉദ്ഘാടനം ചെയ്തത്. ക്യൂറേറ്റ് ചെയ്തത് പാവേൽ സുരേഷ് ആണ്. പ്രദർശനം 22ന് സമാപിച്ചു.



*സ്മിതയും ഷജിത്തും ചേർന്ന് വരച്ച രേഖാചിത്രങ്ങൾ*

# വയനാടിന്റെ ഉണർത്തുപാട്ട്

ആർദ്ര എം

കരിന്തണ്ടന്റെ ഭൂമിക ഇഴചേർന്നു കിടക്കുന്നത് തനതായ സംസ്കൃതിയിലാണ്. കാടും കാട്ടാറുകളും ചെമ്പട്ടണിഞ്ഞ ആകാശത്തിന് ചോട്ടിൽ ഹൃദയം ഒളിപ്പിച്ചിരിക്കുന്ന ചെമ്പ്രമലയും പങ്ക് പറ്റുന്ന ആ സംസ്കൃതിയുടെ ജീവനാഡിയാണ് വയനാടിന്റെ ചാരുത വിളിച്ചോതുന്ന തനതുകലകൾ. നാടൻപാട്ടിൻ ശീലുകളും തുടിതാളവും വയനാടൻ ജനതയെ സംബന്ധിച്ചു ഉണർത്തുപാട്ടാണ്, പാരമ്പര്യത്തിന്റെ തായ് വേരുകളിൽ നിന്ന് ഉയർന്നു പൊങ്ങുന്ന ഉണർത്തു പാട്ട്.

വയനാട്ടിലെ നാടൻ കലകളെ കുറിച്ച് വാചലമാകുമ്പോൾ, 'ഉണർവെന്ന' പേര് സ്മരിക്കാതിരിക്കാനാവില്ല. കഴിഞ്ഞ 8 വർഷമായി വയനാട്ടിലെ എമിലി എന്ന കൊച്ചു പ്രദേശത്തു പ്രവർത്തിച്ചു പോരുന്ന കൂട്ടായ്മ. ഗോത്ര കലകളടക്കമുള്ള തനതു കലകളുടെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി കർമനിരതരായി പ്രവർത്തിക്കുന്ന സംഘടന.

ഉണർവിനെപ്പറ്റി പറയുമ്പോൾ കൂട്ടായ്മയുടെ കപ്പിത്താൻ കൂടിയായ രമേശേട്ടൻ ആവേശഭരിതനാണ്. "ഉണർവ്' ട്രാക്കിൽ കയറിയിട്ട് വർഷം എട്ടായി, ഇതിനോടകം തന്നെ വലുതും ചെറുതുമായ ആയിരത്തോളം വേദികളും, നൂറോളം ശിൽപ്പശാലകളും ലഭിച്ചു കഴിഞ്ഞു', സന്തോഷവും അഭിമാനവും പ്രതിഫലിപ്പിച്ചു കൊണ്ട് അദ്ദേഹം ചിരിച്ചു.

വേദികളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിന് പുറമേ ഉണർവ് എന്നത് ഒരു നാടൻ കലാപഠന കേന്ദ്രം കൂടിയാണ്. താല്പര്യമുള്ള ആർക്കും പ്രായഭേദമന്യേ കലകൾ അഭ്യസിക്കാം. വയനാട്ടിലെ തനതു കലകൾക്ക് പുറമെ വട്ടമുടി, മംഗലംകളി തുടങ്ങി മറ്റു ജില്ലകളിലെ തനതു ഗോത്ര കലകളിലും ഉണർവ് പരിശീലനം നൽകുന്നുണ്ട് ഗോത്ര മേഖലയിലെ തന്നെ അറിയപ്പെടാതെ പോയ ഒരുപാട് കലാകാരന്മാരുടെ ജീവിതത്തിൽ വെളിച്ചം വീശുവാനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്.

ദേശാഭിമാനി അറിവരങ്ങ് ജില്ലാതല മത്സരത്തിൽ പങ്കെടുത്തുകൊണ്ടാണ് ഉണർവ് ഒരു കൂട്ടായ്മയായി മാറുന്നത്. വെറും നാല് പേരിൽ നിന്ന് തുടങ്ങി ഇന്ന് മുപ്പത്തോളം കലാകാരന്മാരെ ഉൾക്കൊള്ളുന്ന ബൃഹത് സംഘടനയാണിത്.

ഫോക്‌ലോർ അക്കാദമി, സംഗീതനാടക അക്കാദമി എന്നിവയുടെ രജിസ്ട്രഷനോടെ പ്രവർത്തിക്കുന്ന കൂട്ടായ്മയിൽ ഗിന്നസ് റെക്കോർഡ് പോലുള്ള അംഗീകാരങ്ങൾ നേടിയെടുത്ത കലാകാരന്മാരുമുണ്ട്. 'എനിക്കും ഗിന്നസ് റെക്കോർഡ് ഒക്കെ ഉണ്ട്ട്ടോ', രമേശേട്ടൻ വീണ്ടും ചിരിച്ചു. 20 ഗോത്ര ഗാനങ്ങളാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. അതിലൊന്നിന് കേരള ഫോക്‌ലോർ അക്കാദമി പുരസ്കാരവും ലഭിച്ചു. 'ഇത്തരമൊരു കൂട്ടായ്മയെന്ന ആശയം മുൻപേ തന്നെ മനസിലുണ്ടണ്ടായിരുന്നെങ്കിലും അത് സാധ്യമായത് കുറച്ചു വൈകിയാണ്', അദ്ദേഹം കൂട്ടിച്ചേർത്തു.

ഉണർവിന്റെ അത്ഭുതാവഹമായ ഈ വളർച്ചക്ക് പിന്നിൽ വർഷങ്ങളായുള്ള കഷ്ടപ്പാടുണ്ടണ്ടണ്ട്. ഒരു നാടൻപാട്ട് ഗ്രൂപ്പിൽ നിന്നും ഇത്രയേറെ നേട്ടങ്ങൾ സ്വന്തമാക്കിയ നാടൻ കലാപഠന കേന്ദ്രത്തിലേക്കുള്ള പരിവർത്തനം എളുപ്പമായിരുന്നില്ല. ജി 20 ഉച്ചകോടിയുടെ ഭാഗമായുള്ള ക്ഷണം അത്തരം അംഗീകാരങ്ങളിൽ എടുത്തു പറയേണ്ടണ്ട ഒന്നാണ്.

നാടൻകലകളുടെ അവതരണത്തിനായി 170ഓളം രാജ്യങ്ങളിലേക്കാണ് ഉണർവിന് ക്ഷണം ലഭിച്ചത്. 'അറബുട്ടാളു' ഈ കൂട്ടായ്മയുടെ മറ്റൊരു വിജയമായിരുന്നു. ഒക്ടോബർ 15ആം തീയതി കഴിഞ്ഞ, അറബുട്ടാളു നാട്ടുകലാകാരക്കൂട്ടം സംസ്ഥാന സമിതിയും ഉണർവും സംയുക്തമായി നടത്തിയ തുടിക്കളിയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 702 നാട്ടുകലാകാരന്മാരെ അണിനിരത്തി നടത്തിയ അറബുട്ടാളുവിന് ബെസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡും കരസ്ഥമാക്കാൻ സാധിച്ചു. ഗോത്ര വാദ്യോപകരണമായ തുടിയുടെ ആകൃതിയിൽ കലാകാരന്മാരെ വിന്യസിച്ചായിരുന്നു അവതരണം. ഇതിൽ ഒരു വിഭാഗം തുടികൊട്ടി പാടിയപ്പോൾ മറ്റൊരു വിഭാഗം വട്ടക്കളി നടത്തി. അങ്ങനെ തുടരുന്നു, ഉണർവിന്റെ ജൈത്രയാത്ര.

വയനാടെന്ന കൊച്ചു ജില്ലയുടെ പേരും പെരുമയും വാനോളമുയർത്താൻ ഇക്കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങൾ കൊണ്ട് തന്നെ ഈ കൂട്ടായ്മക്ക് കഴിഞ്ഞിട്ടുണ്ട്. നാടൻ ശീലിൽ ഗോത്ര വാദ്യങ്ങളുടെ താളമേളങ്ങളുടെ അകമ്പടിയോടെ ഉണർവ് പാടുമ്പോൾ അത് അതിജീവന ഗാനമാണ്,അടിച്ചമർത്തപ്പെടുന്നവരുടെ അതിജീവന ഗാനം. കൈയ്യിലെ തുടിയുടെ മുറുക്കം കൂട്ടി അവർ ഉറക്കെ പാടി,

'പൊട്ടു കണ്ണി പൂങ്കുറത്തി
തിമിയോ തിമി ബാത്തമ
തീയാഡ് ഊഡ് കാഞ്ചു
നീയങ്ക് മമ്പില് ബാത്തമ...'



**കൂട്ടായ്മയുടെ 'ഉണർവ്'**: *ഉണർവിലെ അംഗങ്ങൾ നാടൻ പാട്ട് അവതരിപ്പിക്കുന്നു*

# പെൺപെരുമയുടെ 'പാതാളം'

**ആർദ്ര എം**

അവർ പാടുകയാണ്...സംഗീതത്തിന്റെ മാധുര്യം നുകർന്നുകൊണ്ട്, പ്രതിസന്ധികളെ സധൈര്യം നേരിട്ടുകൊണ്ട്.പറഞ്ഞു വരുന്നത് പാതാളം എന്ന മ്യൂസിക് ബാൻഡിനെ കുറിച്ചാണ്.പാട്ടും താളവും ചേർന്ന പാതാളത്തിന്റെ കഥ തുടങ്ങുന്നത് കൊല്ലം എസ്.എൻ വിമൻസ് കോളജിൽ നിന്നാണ്. പാട്ടിനോടുള്ള അഭിനിവേശം ഉള്ളിൽ കൊണ്ടുനടക്കുന്ന അഞ്ച് ചെറുപ്പക്കാരികൾ, കമ്പം മൂത്തപ്പോൾ സൗഹൃദം പതിയെ ഒരു മ്യൂസിക് ബാൻഡായി മാറി. ഇൻസ്റ്റാഗ്രാം റീൽസുകളിലൂടെയായിരുന്നു ആദ്യ പരീക്ഷണങ്ങൾ.അതിൽ ചിലത് വലിയ തോതിൽ ജനസ്വീകാര്യതയും പിടിച്ചുപറ്റി. പുച്ഛിച്ചു തള്ളിയവർക്കു മുന്നിൽ മധുരപ്രതികാരമെന്നോണമായിരുന്നു പാതാളത്തിന്റെ വളർച്ച.പെൺകുട്ടികൾ മാത്രം നേതൃത്വം നൽകുന്ന മ്യൂസിക് ബാൻഡെന്ന നിലക്ക് മുതലെടുപ്പിന്റെ കയ്പേറിയ അനുഭവങ്ങളും ഇവർ പറയുന്നു.സ്റ്റേജ് പ്രോഗ്രാമുകൾ നടത്തുമ്പോൾ ശരിയായ വേതനം നൽകാതെ കയ്യൊഴിയുന്നവരും മുതലെടുപ്പിന്റെ കണ്ണികൾ തന്നെ. ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നു പാടുമ്പോഴും കേരളത്തിലെ മ്യൂസിക് ബാൻഡ് മേഖലയിലെ പുരുഷമേധാവിത്വത്തിന് മറുപടി നൽകുകയാണീ പെൺപുലികൾ. പാട്ടിന്റെ മേഖലയിൽ അതിജീവിക്കണമെങ്കിൽ ഒരുപാട് കഷ്ടതകളനുഭവിക്കണം, മറ്റു രാജ്യങ്ങളിലെ




*പാതാളം ബാൻഡിലെ അംഗങ്ങൾ*

സംഗീത പ്രമുഖരായ ജസ്റ്റിൻ ബീബറിനും, അരിയാന ഗ്രാന്റെക്കും, മ്യൂസിക് ***ബാൻഡു***കളായ കെപോപിനും ബിടിഎസിനും ലഭിക്കുന്ന പിന്തുണയുടെ നാലിൽ ഒന്നു പോലും കേരളത്തിലെ വളർന്നുവരുന്ന ബാൻഡുകൾക്ക് ലഭിക്കുന്നില്ല. മറ്റു രാജ്യങ്ങളിൽ ജീവിതചര്യായി സംഗീതം തിരഞ്ഞെടുക്കുന്നവർ ആഘോഷിക്കപ്പെടുമ്പോൾ നേരെ മറിച്ച് ഇങ്ങ് കേരളത്തിൽ സംഗീതത്തെ ആളുകൾ കാണുന്നത് രണ്ടാം തട്ടിൽ വച്ചുകൊണ്ടാണ്.മലയാളികൾക്ക് സംഗീതത്തെ ഒരു തൊഴിലായി കാണുവാൻ ഇനിയും സാധിച്ചിട്ടില്ല.കേരളത്തിൽ ജനശ്രദ്ധ പിടിച്ചുപറ്റുന്നതാകട്ടെ കൂടുതലും പുരുഷന്മാരുടെ നേതൃത്വത്തിലുള്ള മ്യൂസിക് ബാൻഡുകളും.സിതാര കൃഷ്ണയെയും ഗൗരിലക്ഷ്മിയെയും പോലുള്ള ആളുകൾ ഈ മേഖലയിൽ ഉണ്ടെങ്കിലും സ്ത്രീകളുടേത് മാത്രമായ ബാൻഡുകൾ തീരെ ചുരുക്കമാണ്.ഇവിടെയാണ് ഞങ്ങൾ മാറ്റത്തിന്റെ വക്താക്കളാകുന്നത്,പാതാളം പറയുന്നു. അഞ്ച്പേരിൽ നിന്ന് തുടങ്ങിയ ബാൻഡ് ഇന്ന് പത്ത്പേരടങ്ങുന്ന വലിയ സംഘമാണ്.ഇതിനോടകം തന്നെ മഴവിൽമനോരമ പോലുള്ള ചാനലുകളിൽ പ്രകടനം കാഴ്ചവയ്ക്കാനും പാതാളത്തിന് സാധിച്ചിട്ടുണ്ട്. കഠിനമായ പ്രതിസന്ധികൾ നടന്നുനീങ്ങിയ വഴിയിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഒരുപാട് പെൺകുട്ടികൾക്ക് പ്രചോദനമാകാൻ കഴിഞ്ഞതിന്റെ സന്തോഷമാണ് എല്ലാവരുടെയും മുഖത്ത്.അവസാനമായി എന്തുകൊണ്ട് പാതാളം എന്ന ചോദ്യത്തിന് ചിരിച്ചുകൊണ്ടായിരുന്നു മറുപടി.പാപി ചെല്ലുന്നിടം പാതാളം,പാപം ചെയ്യാതെ പാപികളായി മാറിയവരാണ് ഞങ്ങൾ.സംഗീതത്തെ അഭിനിവേശത്തോടുകൂടി പിന്തുടരുന്നവരും പാപികൾ തന്നെ.സമൂഹത്തിന്റെ ഇത്തരത്തിലുള്ള അർത്ഥശൂന്യമായ എല്ലാ ആശയങ്ങളും വരുംകാലങ്ങളിൽ തുടച്ചു നീക്കപ്പെടുമെന്ന പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണിവർ.

## സ്ത്രീപ്രാതിനിധ്യം കുറവ്

മ്യൂസിക് ബാൻഡുകളിലൂടെ ആഘോഷിക്കപ്പെട്ട നിരവധി ഗായകർ പുതു തലമുറയിൽ ഉണ്ടായിട്ടുണ്ട്. എങ്കിലും കേരളത്തിലെ പ്രശസ്തമായ മ്യൂസിക് ബാൻഡുകളിലെ അംഗങ്ങളുടെ കണക്കെടുത്താൽ സ്ത്രീപ്രാതിനിധ്യം വളരെ കുറവാണെന്ന് കാണാൻ സാധിക്കും. ഇതിൽതന്നെ മുഖ്യധാരയിലേക്ക് വരുന്നവർ വളരെ ചുരുക്കം. തൈക്കൂടം ബ്രിഡ്ജ്, അവിയൽ, അഗം തുടങ്ങിയ പ്രശസ്ത ബാൻഡുകളിൽ ഒരു വനിത പോലും ഇല്ലെന്നതാണ് വാസ്തവം. അധികം അറിയപ്പെടാത്ത ചില ബാൻഡുകളിൽ പേരിനു മാത്രം ഒന്നോ രണ്ടോ വനിതാ അംഗങ്ങളുണ്ട്. മ്യൂസിക് മോജോയുടെ വരവോടെയാണ് ഇങ്ങനെ മാറ്റി നിർത്തപ്പെട്ടവർക്ക് ഒരു വേദി ലഭിക്കുന്നത്. ബിനീത രഞ്ജിത്ത്, ശിഖ പ്രഭാകരൻ തുടങ്ങിയവർ ഈ വേദിയിലൂടെ മുന്നോട്ട് വന്നവരായിരുന്നു. സമീപകാലത്തു അഭയ ഹിരന്മയി, അമൃത സുരേഷ് തുടങ്ങിയ ഗായകർ സ്വന്തമായി ബാൻഡുകൾ തുടങ്ങി തങ്ങൾക്ക് അർഹതപ്പെട്ട ഇടങ്ങൾ നേടിയെടുക്കാനും ആരംഭിച്ചു. എന്നാൽ ഇന്നും 'പോപ്പുലർ മ്യൂസിക് ബാൻഡുകൾ' പലപ്പോഴും സ്ത്രീകൾക്ക് ഒരു കിട്ടാക്കനിയായി അവശേഷിക്കുകയാണ്.

ചീഫ് എഡിറ്റർ : **മാഗി ജെ** | ഇഷ്യൂ എഡിറ്റർ : **ഡോ. എം എസ് ഹരികുമാർ**

എഡിറ്റോറിയൽ ബോർഡ് : **ചൈത്ര ഹരിദാസ്**, **കാർത്തിക എസ്**, **വിഷ്ണു ദേവ്**, **പ്രബൽ ജെ പി**

റിപ്പോർട്ടിങ് : **ആർദ്ര എം**, **ബിയ ബൈജു**, **സിന്റില സാൻഡേഴ്സ്**, **ശ്രീദേവി എ എസ്**, **അനുശ്രീ വി നായർ**, **കാരുണ്യ പ്രിൻസി**

ഡിസൈൻ & ലേഔട്ട് : **അനൂജ ജി**

ചിത്രങ്ങൾ : **ഗോകുൽ എസ് വിജയ്**

എഡിറ്റോറിയൽ അസ്സിസ്റ്റൻസ് : **ഡോ. രഞ്ജിത് ആർ.**

DCJ

# കലഹിച്ചും കഥ പറഞ്ഞും ഇവിടെയങ്ങനെ...

## ഭിന്നശേഷിക്കാരിയായ നേഹയുടെ യാത്ര കവിത മുതൽ ടെലിവിഷനിലേക്ക് വരെ നീളുകയാണ്

**കാർത്തിക എസ്**

***'ഒരു അവസരം കിട്ടിയപ്പോൾ മുഖ്യമന്ത്രിയോട് ഞങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി പറയാനാണ് പോയത്. അതിനവർ അവരുടെ ഇഷ്ടത്തിനനുസരിച്ച് ഒരു വാർത്തയാക്കിയത് എനിക്കിഷ്ടപ്പെട്ടില്ല.' നേഹയുടെ വാക്കുകളിൽ അമർഷവും നിസ്സഹായതയും പ്രതിഷേധവുമെല്ലാം നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. ഭിന്നശേഷിക്കാരിയായ നേഹ തന്നെപ്പോലെ ബുദ്ധിമുട്ട് അനുഭവിക്കുന്ന അനേകം പേരുടെ പ്രതിനിധിയായി, സംസാരിക്കാനാണ് കേരളീയത്തിന്റെ വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ അടുത്തേക്ക് പോയത്. എന്നാൽ പിറ്റേന്ന് ഒരു പത്രത്തിൽ അച്ചടിച്ചു വന്ന ചിത്രത്തിന്റെ അടിക്കുറിപ്പ് 'എന്താ മോളെ വിശേഷം' എന്നായിരുന്നു. ശബ്ദമില്ലാത്തവരുടെ ശബ്ദമാകേണ്ട മാധ്യമങ്ങൾ ഇത്തരത്തിൽ നിരുത്തരവാദപരമായി പെരുമാറുന്നത് നേഹയ്ക്കിത് ആദ്യ അനുഭവമല്ല.***

കാര്യവട്ടം ക്യാമ്പസിൽ രണ്ടാം വർഷ എം എ പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ് വിദ്യാർത്ഥിനിയായ നേഹ ഡി തമ്പാൻ ബഹുമുഖ പ്രതിഭയാണ്. പത്തു വയസ്സു മുതൽക്കേ എഴുത്ത്, ചിത്രംവര അഭിനയം തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേഹ അഞ്ചു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഒമ്പതാം വയസ്സിൽ ലഭിച്ച ബാലൻ കെ നായർ പുരസ്കാരം മുതൽ 2021ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് വരെ നീളുന്നു നേഹയുടെ അനശ്വര നേട്ടങ്ങൾ. എല്ലാറ്റിനുമുപരി താനുൾപ്പെടുന്ന സമൂഹത്തിനു വേണ്ടിയുള്ള നിരന്തര പോരാട്ടമാണ് നേഹയുടെയും കുടുംബത്തിന്റെയും ജീവിതം.

### ഭിന്നശേഷി സൗഹൃദം അല്ലാത്ത ക്യാമ്പസ് മുതൽ പൊതു ഇടങ്ങൾ വരെ

സുഹൃത്തുക്കൾ കാന്റീനിലേക്ക് പോയാൽ അവർ തിരിച്ചു വരുന്നതുവരെ നേഹ പുറത്തു കാത്തു നിൽക്കണം. കാരണം ക്യാമ്പസിലെ കാന്റീനിലേക്ക് കയറാൻ വീൽചെയർ കയറുന്ന റാമ്പില്ല, മറിച്ച് പടികൾ മാത്രമാണുള്ളത്. ക്യാമ്പസിനകത്തെ എടിഎമ്മിലാകട്ടെ, രണ്ടു പടികൾക്ക് ശേഷമാണ് റാമ്പ് വച്ചിട്ടുള്ളത്. പല ഡിപ്പാർട്ട്മെന്റുകളിലും റാമ്പുകൾ ഉണ്ടെങ്കിൽ പോലും അവ പൂട്ടിയിട്ടിരിക്കുന്ന സ്ഥിതിയാണ്. ഡിഗ്രി പൂർത്തിയാക്കിയ മാർ ഇവാനിയോസ് കോളേജിൽ നേഹ അഡ്മിഷൻ എടുത്തതിനുശേഷം പലയിടങ്ങളിലും പുതുതായി റാമ്പുകൾ സ്ഥാപിച്ചിരുന്നു. 'ഞാൻ ഒരിടത്ത് ചടഞ്ഞ് കുത്തിയിരിക്കാൻ ഇഷ്ടപ്പെടുന്ന ആളല്ല. യാത്രകൾ ഒരുപാട് ഇഷ്ടപ്പെടുന്ന വ്യക്തിയാണ്.' നേഹയുടെ യൂട്യൂബ് ചാനലിൽ കൂടുതലും അവളുടെ കണ്ണുകൾ ഒപ്പിയെടുത്ത സുന്ദരമായ സ്ഥലങ്ങളാണ്. 2022ൽ സംസ്ഥാനത്തെ 'മികച്ച ഭിന്നശേഷി സൗഹൃദ നഗരം' എന്ന പദവി തിരുവനന്തപുരം കോർപ്പറേഷനാണ് നേടിയത്. എന്നാൽ അതിനോട് അത്രയങ്ങ് യോജിക്കാൻ നേഹയ്ക്ക് അല്പം ബുദ്ധിമുട്ടുണ്ട്.



*നേഹ ഡി തമ്പാൻ*

നാപ്പിയർ മ്യൂസിയത്തിൽ അടക്കം ഭിന്നശേഷിക്കാരുടെ വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യം പോലും നേഹയും അമ്മയും പൊരുതി നേടിയെടുത്തതാണ്. മ്യൂസിയത്തിലെ 'ഭിന്നശേഷി സൗഹൃദ പാർക്കി'ലാകട്ടെ വീൽചെയറിന്റെ വീലുകൾക്ക് ചേരാത്ത വിധം കല്ലുകൾ പാകിയിരിക്കുകയാണ്. വീൽചെയറിൽ ഇരിക്കുന്നവർക്കും സഹായിക്കുന്നവർക്കും ഒരുപോലെ ആയാസമായതിനാൽ ആ ഉദ്യമം ഉപേക്ഷിക്കേണ്ടതായി വന്നു. അതുപോലെ തന്നെയായിരുന്നു വിഴിഞ്ഞം അക്വേറിയം കാണാൻ ചെന്നപ്പോൾ ഉണ്ടായ അനുഭവവും. അകത്തേക്ക് കയറുന്ന ഇടനാഴി ഒരു ബാർ വച്ച് വീൽ ചെയർ കയറാനാകാത്ത വിധം രണ്ടാക്കിയിരിക്കുകയായിരുന്നു.

### അമ്മ എന്ന ശക്തിസ്രോതസ്സ്

'സമൂഹത്തിനാണ് ഡിസബിലിറ്റി, എന്റെ മകൾക്കല്ല.' പുതുക്കിയ പബ്ലിക് ലൈബ്രറി കെട്ടിടത്തിൽ അടക്കം റാമ്പ് പണിതത് ജയയുടെ നിരന്തരമായി പരാതികളെ തുടർന്നാണ്. ചെറുപ്പം മുതൽക്കേ പൊതുമധ്യത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ജയ നടത്താറുണ്ടായിരുന്നു. ബാങ്ക് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മകളെ എടുത്തുകൊണ്ടു പോകുമ്പോൾ പലരും ചോദിച്ചിട്ടുണ്ട്, 'എന്തിനാണ് വയ്യാത്ത കുട്ടിയെ ഇങ്ങനെ കൊണ്ടുനടക്കുന്ന'തെന്ന്. സാധാരണ മനുഷ്യരേക്കാൾ കൂടുതൽ, ആളുകളുമായി ഇടപഴകാനുള്ള മനപ്പൂർവമായ ശ്രമങ്ങൾ നടത്തിയെങ്കിൽ മാത്രമേ അത്ര കണ്ട് പുരോഗമിച്ചിട്ടില്ലാത്ത ഈ സമൂഹത്തിന്റെ ഭാഗമാകാൻ കഴിയുകയുള്ളൂ എന്ന് രണ്ടുപേർക്കും നല്ല ബോധ്യമുണ്ട്.

### പ്രിയപ്പെട്ട സമൂഹത്തോട് രണ്ടു വാക്ക്

കാണാനും സംസാരിക്കാനുമായി വരുന്ന മനുഷ്യരിൽ രണ്ടു തരം മനോഭാവമാണ് കാണാൻ സാധിക്കുക. ഒന്നെങ്കിൽ, 'ഓ നേഹ, യു ആർ ആൻ ഇൻസ്പിറേഷൻ' എന്ന് ആശ്ചര്യപ്പെടും. അല്ലെങ്കിൽ 'അയ്യോ, പാവം'കളിക്കും. 'ഇത് രണ്ടുമല്ലാതെ, ഞങ്ങൾക്കൊരു പ്രത്യേക അവസ്ഥയുണ്ടെന്ന് അംഗീകരിച്ച്, അത് പരിഹരിക്കാനുള്ള കാര്യങ്ങൾ ചെയ്തു കൊണ്ട്, ഞങ്ങളെ സമൂഹത്തിന്റെ ഒരു ഭാഗമായി തന്നെ കണ്ടു കൂടെ നിൽക്കുന്നവരെയാണ് ആവശ്യം.' ചുറ്റുമുള്ളവരോട് പറയാനുള്ളതെന്തെന്ന ചോദ്യത്തിന് പ്രതികരണം ഇങ്ങനെ. 'എന്നിരുന്നാലും, ഞാനിവിടെത്തന്നെ ഉണ്ടാകും. എന്നെപ്പോലുള്ളവർക്ക് വേണ്ടി സംസാരിച്ചുകൊണ്ട്, അപ്പുറത്തിരിക്കുന്നവന്റെ ആവശ്യങ്ങളോട് വൈകാരികമായി ചേർന്നു നിൽക്കണമെന്ന് പറഞ്ഞു കൊണ്ട്.'നേഹ തന്റെ തിളങ്ങുന്ന ചിരി പ്രകാശിപ്പിച്ചു. ഒപ്പം, തന്റെ മകളുടെ വളർച്ചയിലെ അഭിമാനം കണ്ണുകളിൽ തിളങ്ങുന്ന ആ അമ്മയും.

# പുതുജീവൻ കാത്ത് രാജാജി നഗർ

ഗോകുൽ എസ് വിജയ്



*നഗര ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന രാജാജി നഗർ*

നഗര ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന രാജാജി നഗറിന്റെ പുനർവികസന പദ്ധതി മൂന്നു വർഷമായി കടലാസ്സിൽ ഒതുങ്ങുന്നു. ചെങ്കൽ ചൂള എന്നറിയപ്പെട്ടിരുന്ന രാജാജി നഗർ നഗരത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമാണ്. 2020ൽ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിനു കീഴിൽ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ. സി മൊയ്തീൻ ഉദ്ഘാടനം ചെയ്ത പദ്ധതിയുടെ നടത്തിപ്പ് രാഷ്ട്രീയ ഇടപെടലുകളും കോളനിവാസികൾക്കിടയിലുള്ള പ്രതിഷേധങ്ങളും മൂലം ഇന്നും അനിശ്ചിതമായി നീളുകയാണ്.

സെക്രട്ടറിയെറ്റിനടുത്തായി 11.6 ഏക്കർ സ്ഥലത്തായാണ് 5000 പേർ പാർക്കുന്ന കോളനി സ്ഥിതിചെയ്യുന്നത്. ഏകദേശം 45 വർഷങ്ങൾക്കു മുൻപേ വിഭാവനം ചെയ്യപ്പെട്ട ചെങ്കൽ ചൂള പുനരുദ്ധാരണ പദ്ധതി പ്രാദേശിക എതിർപ്പുകളെ തുടർന്ന് നിരവധി തവണ തടസ്സപ്പെട്ടിട്ടുണ്ട്. 2019ൽ പദ്ധതി പുനരാവിഷ്കരിച്ച് 248 വീടുകൾ നിർമ്മിക്കാൻ കോർപറേഷൻ തീരുമാനിക്കുകയും 61.42 കോടി രൂപ ഇതിനായി നീക്കി വയ്ക്കുകയും ചെയ്തു. എന്നാൽ ഉപഭോക്തൃപട്ടിക പ്രസിദ്ധീകരിക്കാതെ പണി തുടങ്ങുന്നതിനെ ചൊല്ലി പ്രതിപക്ഷ സമരങ്ങൾ രൂക്ഷമായി. ഇപ്പോൾ 36 വീടുകളുടെ പണി മാത്രമാണ് കോർപ്പറേഷനു കീഴിൽ കോളനിയിൽ നടക്കുന്നത്. ഈ വീടുകളിലുള്ളവരെ മാറ്റിപ്പാർപ്പിക്കാനായി നിർമ്മിച്ച താൽക്കാലിക ഷെഡുകളിൽ വാസയോഗ്യമല്ലാത്ത വിധത്തിൽ സ്ഥലപരിമിതി നിലനിൽക്കുന്നു. റോഡരികിൽ ടാർപ്പ വിരിച്ച് താമസിക്കുന്ന സ്ഥിതിയാണ് ഇക്കൂട്ടർക്ക് നിലവിലുള്ളത്

മൂന്നു വർഷം മുമ്പ്, സർക്കാർ നിർദ്ദേശത്തിൽ ഒരു സ്വകാര്യ കോളേജ് കോളനിയിൽ സർവേ നടത്തിയിരുന്നു. അതിൽ നിന്ന് ലഭിച്ച ഫലങ്ങൾ അനുസരിച്ച് തയ്യാറാക്കിയ പുതിയ ഉപഭോക്തൃ പട്ടികയിൽ ഒരുപാട് ക്രമക്കേടുകളുണ്ടായിരുന്നു. നിലനിന്നിരുന്ന വീടുകളുടെ പിന്തുടർച്ചവകാശികൾ പോലും ഒഴിവാക്കപ്പെട്ടു. ചേരിക്ക് പുറത്തു നിന്നുള്ളവർ ഉൾപ്പെടെയുള്ള 36 കുടുംബങ്ങൾക്കാണ് ഇപ്പോൾ സർക്കാർ വീട് നൽകാൻ ഒരുങ്ങുന്നത്. അർഹതപ്പെട്ടവർക്ക് അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ്. കോളനിവാസിയായ സിദ്ധാർത്ഥൻ പറയുന്നു.

പദ്ധതിയുടെ അവസ്ഥയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തമ്പാനൂർ വാർഡ് കൗൺസിലറെയും കോർപ്പറേഷൻ ഉദ്യോഗസ്ഥരെയുമടക്കം ബന്ധപ്പെട്ടെങ്കിലും വിഷയത്തെ പറ്റി കൃത്യമായ ധാരണയില്ല എന്ന പ്രതികരണമാണ് ലഭിച്ചത്.

'2000ന് മുൻപ് വരെ ഘട്ടം ഘട്ടമായി വീടുകൾ നിർമ്മിച്ചു നൽകിയിരുന്നു. 2001ൽ വാല്മീകി അംബേദ്കർ ആവാസ് യോജനയുടെ ഭാഗമായി പദ്ധതി കോർപറേഷന് കൈമാറി. 68 ലക്ഷം രൂപയും സർക്കാർ അന്ന് കോർപ്പറേഷന് അനുവദിച്ചിരുന്നു.എന്നാൽ പദ്ധതിക്ക് യാതൊരു മുന്നേറ്റവുമുണ്ടായില്ല' തമ്പാനൂർ യുഡിഎഫ് കൗൺസിലറായിരുന്ന ആർ ഹരികുമാർ ആരോപിക്കുന്നു.

സുതാര്യമല്ലാത്ത സർക്കാർ നടപടികളും പ്രദേശ നിവാസികളുമായി തുറന്ന ചർച്ചകളില്ലാത്തതും പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കിടപ്പാടമില്ലാത്ത അനേകം കോളനിവാസികൾ ഇന്നും സർക്കാർ നൽകുന്ന പുതുജീവൻ കാത്ത് രാജാജി നഗറിലെ ഷെഡ്ഡുകളിൽ കഴിയുകയാണ്.

## ചരിത്രം ഇങ്ങനെ

സെക്രട്ടറിയേറ്റ് , മോഡൽ സ്കൂൾ എന്നിവയുടെ പണികൾക്കുള്ള ചെങ്കല്ലിനായി പണി തുടങ്ങിയ സ്ഥലം പ്രമാണപ്രകാരം ഗവൺമെന്റ് ആർട്സ് കോളേജിന്റെ ഗ്രൗണ്ടാണ്. ഇവിടെ കൽപ്പണിക്കായി വന്ന തൊഴിലാളികൾ കുടുംബമായി താമസിക്കുകയും പിന്നീട് പതിയെ തിരുവനന്തപുരത്തെ നഗരവൽക്കരണത്തിന്റെ ഭാഗമായി അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളും ഇവിടേക്ക് കുടിയേറുകയും ചെയ്തു. അങ്ങനെയാണ് ചെങ്കൽ ചൂള എന്ന ചേരി രൂപമെടുക്കുന്നത്. 1978ലെ എ കെ ആന്റണി സർക്കാരിന് കീഴിൽ ഉമ്മൻചാണ്ടി ഭവന നിർമ്മാണ വകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് ആദ്യമായി ചെങ്കൽ ചൂള ചേരി പരിഷ്കരണം പദ്ധതി നിലവിൽ വന്നത്. അന്ന് എല്ലാ കുടുംബങ്ങൾക്കും ഭവനം എന്ന ലക്ഷ്യത്തോടുകൂടി 190 വീടുകൾക്ക് തറക്കല്ലിടുകയുണ്ടായി. ഇപ്പോൾ അത് 1,200 ഓളം വീടുകളുടെ ആവശ്യമായി ഉയർന്നിട്ടുണ്ട്. പിന്നീട് നാല് ഘട്ടങ്ങളിലായി 200ഓളം വീടുകൾ പണികഴിപ്പിച്ചു. നിർമാണത്തിലെ മികവില്ലായ്മ 10 15 വർഷങ്ങൾ കൊണ്ട് തന്നെ ഈ വീടുകളെ താമസയോഗ്യമല്ലാതാക്കി.

2012ൽ അന്നത്തെ തിരുവനന്തപുരം ജില്ലാ കളക്ടർ ബിജു പ്രഭാകറുടെ നേതൃത്വത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ കോളനി സന്ദർശിച്ചു പഠനം നടത്തി. ഇതിന്റെ ഭാഗമായി ചെങ്കൽ ചൂള കോളനി പൂർണമായും പുനരുദ്ധരിപ്പിക്കുക എന്ന ആശയം ഉയർന്നു വന്നു. ഇതുപ്രകാരം കോളനി പ്രദേശത്ത് ഉപയോഗശൂന്യമായതുൾപ്പെടെയുള്ള വീടുകൾ പൊളിച്ച് 1000 ഫ്ളാറ്റുകൾ പണിയാൻ അനുമതി ലഭിച്ചു. സർക്കാർ സ്വകാര്യ സ്ഥാപന പങ്കാളിത്തത്തിൽ നടത്താനായിരുന്നു പദ്ധതി. പണി പൂർത്തിയാകുന്നത് വരെ മാറി താമസക്കാനായി ഓരോ കുടുംബത്തിനും പതിനായിരം രൂപ വാടകയിനത്തിൽ നൽകാമെന്നും വാഗ്ദാനം ഉണ്ടായി. ഇത് പ്രദേശവാസികളുടെ പ്രതിഷേധത്തിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ടു. 157 കോടി രൂപയായിരുന്നു അന്നത്തെ പ്രതീക്ഷിച്ച പദ്ധതി ചെലവ്. തിരുവനന്തപുരത്തെ നഗര കാഴ്ചകൾക്ക് പിന്നിൽ മങ്ങിപ്പോയ ഈ മനുഷ്യരുടെ ജീവിത സൗകര്യങ്ങൾ ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ധാർമിക ഉത്തരവാദിത്വമാണ്.

# പുതുസംസ്കാരത്തിന്റെ മാനവീയക്കാഴ്ചകൾ

ശ്രീദേവി



*മാനവീയത്തെ രാത്രിക്കാഴ്ചകൾ*

തെരുവ് വിളക്കുകളുടെ മഞ്ഞ വെളിച്ചത്തിൽ ഭംഗി കൂടുന്ന ചുമർചിത്രങ്ങളും സന്തോഷിക്കുന്ന മുഖങ്ങളും ഹൃദയം തുറന്ന പാട്ടുകളുമാണ് മാനവീയം വീഥി. പെയ്യുന്ന തൂവാനത്തിനോ വിയർപ്പിക്കുന്ന ചൂടിനോ ഇടമില്ലാതെ നൈറ്റ് ലൈഫിന്റെ പുത്തൻ അനുഭവങ്ങൾ പലരും പല തരത്തിൽ ഏറ്റെടുത്തിരിക്കുന്നു. എന്നാൽ ഇതിന്റെ മറുവശമെന്നോണം മാനവീയം വീഥിയിൽ നടന്ന സംഘർഷങ്ങളും ജനശ്രദ്ധയാകർഷിച്ചിരുന്നു.

വെള്ളയമ്പലം റോഡിൽ വയലാർ പ്രതിമ സ്ഥാപിച്ചിരിക്കുന്നിടത്തു നിന്നും ആൽത്തറ ജംഗ്ഷനിലെ ജി. ദേവരാജന്റെ പ്രതിമ വരെയുള്ള 180 മീറ്റർ നീളത്തിലുള്ള ഈ തെരുവാണ് തിരുവനന്തപുരം നഗരത്തിന്റെ രാത്രികളെ സുന്ദരമാക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.

മാനവീയം വീഥിയുടെ തിളക്കം ഒരു വശത്തായി കാണുന്ന ചുമർചിത്രങ്ങളാണ്. ആ ചുമരിലെ വരകൾക്ക് മുൻപിൽ ഓരോ ചിത്രത്തിന്റെയും ആത്മാവിനെ അടുത്തറിയാൻ ശ്രമിക്കുന്നവരുമായി ഒരുപാട് ആസ്വാദകരുണ്ടാകും.

അവരിലൊരാളായി അങ്ങനെ നിൽക്കുമ്പോൾ കണ്ടു കിട്ടിയതാകട്ടെ ഈ ചിത്രങ്ങൾക്ക് ചിറക് നൽകിയ ബോസ് കൃഷ്ണമാചാരിയേയും. അങ്ങ് മുസീരിസ് ബിനാലെ മുതൽ കേരളീയത്തിന്റെ ലോഗോ വരെ പിറവിയെടുത്ത വിരലുകളുടെ ഉടമ .

സാംസ്കാരിക പ്രവർത്തനങ്ങൾ സംഘർഷങ്ങളെ മറികടക്കാനുള്ള ആയുധങ്ങളായി മാറുന്ന തന്റെ സ്വപ്നത്തെയും മാനവീയമെന്ന ആശയത്തിന്റെ പിറവിയെ പറ്റിയുമൊക്കെ അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നു. പതിമൂന്ന് യുവതികൾ വരച്ചു ചേർത്ത ചുമർചിത്രങ്ങളുടെ പകർപ്പ് മൊബൈൽ ഫോണിൽ പകർത്താൻ അദ്ദേഹം തിരിഞ്ഞു നടന്നു.

അടുത്ത കാലത്തായി സംഭവിച്ച സംഘർഷങ്ങൾ കണക്കിലെടുത്തുകൊണ്ട് പോലീസിന്റെ കടുത്ത സുരക്ഷ വീഥിയിലുണ്ടായിരുന്നു. കേരളീയത്തിനോടനുബന്ധിച്ച തിരക്കും മദ്യലഹരിയിൽ എത്തുന്ന യുവാക്കളുമാണ് സംഘർഷങ്ങൾക്ക് തുടക്കം കുറിച്ചതെന്നാണ് പോലീസ് ഭാഷ്യം. പത്തു മണിക്ക് ശേഷം ഉച്ചഭാഷിണിയുടെ നിയന്ത്രണവും മറ്റ് ശബ്ദനിയന്ത്രണങ്ങളുമെല്ലാം അതിനെ പിന്തുടർന്നുണ്ടായതാണ്. വളരെ ശാന്തമായി നൈറ്റ് ലൈഫ് ആസ്വദിക്കാൻ എത്തിയ കുടുംബങ്ങളെയും ഇരമ്പുന്ന വാഹനങ്ങൾ ഒഴിഞ്ഞ വീഥിയിലെ ഓടികളിക്കുന്ന കുരുന്നുകളെയും അവർ ചൂണ്ടി കാട്ടി. ഈ വീഥിയിലെ ഓരോ കലാപ്രകടനവും തങ്ങളും അസ്വദിക്കുന്നുണ്ടെന്ന ആ ചിരികൾ പറയാതെ പറഞ്ഞു.

'മാനവീയം പെട്ടന്നൊരു നാൾ മുളച്ചു പൊന്തിയതല്ല. രണ്ട് പതിറ്റാണ്ടുകളായി പല ചിന്തകൾ പങ്കു വച്ച്, പല മാറ്റങ്ങൾ സ്വീകരിച്ചു വന്നതാണ്. 'നൈറ്റ് ലൈഫ് 'എന്ന ആശയത്തിന് വർധിച്ചു വരുന്ന സ്വീകാര്യത പോലെ തന്നെ ആൾ തിരക്കും വർധിക്കുമെന്ന് മുൻകൂട്ടി കാണാൻ ബന്ധപ്പെട്ട അധികാരികൾക്ക് സാധിക്കണം. പോലീസ് സുരക്ഷ അതിനനുസരിച്ചു കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു.'

ഇനിയും കേരളത്തിൽ നൈറ്റ് ലൈഫ് സംസ്കാരം വളർത്താനുള്ള ഇടങ്ങൾ ഉണ്ടാകണമെന്നുള്ളതാണ് ഇവരുടെ ആവശ്യം. ലോകത്തിന്റെ പല കോണിലും ഇത്തരം ഇടങ്ങളുടെ തുടക്കസമയങ്ങളിൽ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ആളുകൾ പതിയെ ഓളത്തിനൊപ്പം ചേരുകയാണ് പതിവെന്നുമാണ് അവരുടെ പക്ഷം. പുതിയ ഭക്ഷണ രീതികൾ പരീക്ഷിക്കാനായി ചെറുകിട കച്ചവടക്കാരെ കൂടി വീഥിയിലേക്ക് ആകർഷിക്കണമെന്നതായിരുന്നു കുടുംബമായി എത്തുന്നവർ മുന്നോട്ട് വച്ച നിർദ്ദേശം.

രാത്രി അൽപ്പം ഇരുട്ടി കഴിഞ്ഞാൽ ഉറങ്ങുന്ന നഗരത്തിനെ ഒന്നുണർത്താൻ ഇനിയും ഷോപ്പിംഗ് മാളുകളും തട്ടുകടകളും മറ്റും തുറക്കുന്നതിലൂടെ വീശുന്ന 'ജോലി സാധ്യതയുടെ വെളിച്ചം' എന്ന ആശയത്തെ പറ്റി സംസാരിച്ചവരും കുറവല്ല. നവീകരണത്തിന് മുൻപേ മാനവീയം വീഥിയെ സമൂഹത്തിന്റെ ഉയർന്ന തട്ടുകളിൽ നിൽക്കുന്ന ഒരു കൂട്ടം ലഹരി ഉപയോഗത്തിന്റെ കേന്ദ്രമായി ഉപയോഗിച്ചിരുന്നതിന്റെ അവശേഷിപ്പുകൾ ഒളിഞ്ഞും തെളിഞ്ഞും ഈ വീഥിയെ വേട്ടയാടുന്നുണ്ടെന്ന ആശങ്കകളും പലരും പങ്കു വച്ചു.




*'രാത്രിക്കാഴ്ചകളിലെ ചില മുഖങ്ങൾ'*

ശബ്ദ നിയന്ത്രണം ഉള്ളതിനാൽ സംഗീതോപകരണങ്ങൾ തോളിലെ ബാഗുകളിൽ നിറച്ച് കലാകാരന്മാരും വീഥിയുടെ അവസാനം നോക്കി നടക്കുകയാണ്. താളത്തിൽ മടിയോടെ മെല്ലെ നടക്കുമ്പോഴും മാനവീയം നൽകിയ സൗഹൃദങ്ങളോട് അടുത്ത ദിവസം കാണാമെന്ന വിടപറയലിൽ പുത്തൻ പ്രതീക്ഷകളാണ്. ഒരു ദിവസത്തിന്റെ മുഴുവൻ ഭാരങ്ങളും പറഞ്ഞു തീർക്കാൻ, പാട്ട് പാടി താളം പിടിക്കാൻ, ചുവട് വയ്ക്കാൻ നാളെയും എത്താൻ ഒരിടമുണ്ടെന്ന പ്രതീക്ഷ.

ഇവിടുത്തെ കലയും വിപ്ലവവും സമാധാനവും സന്തോഷവുമെല്ലാം ഈ നഗരത്തിന് നൽകുന്നതും മറ്റൊന്നല്ല. പ്രതീക്ഷയുടെ മഞ്ഞ വെളിച്ചം തന്നെയാണയ് 'രാത്രിക്കാഴ്ചകളിലെ ചില മുഖങ്ങൾ.'




ലോകം ഇന്ന് വിഭജനങ്ങളുടെ നടുവിൽ നിൽക്കുന്നു.മനുഷ്യർ തങ്ങളിലെ മനുഷ്യത്വത്തെ മാറ്റി നിർത്തുന്നു അതിനെതിരെ യുദ്ധങ്ങൾ പ്രഖ്യാപിക്കുന്നു,കൊന്നൊടുക്കുന്നു, നഷ്ടപ്പെടുത്തലുകളിലൂടെ നേടാൻ ശ്രമിക്കുന്നു.മനുഷ്യർക്കിടയിലെ ചുമരുകൾക്ക് ഉയരം കൂടി വരുന്നു.ചുമരുകൾ എന്നും വിഭജനത്തിന്റെയും ഒളിപ്പിച്ചു വയ്ക്കലുകളുടെയും രൂപമാണ്.ശൂന്യമായ പ്രതലങ്ങളോടെ ഉയർന്നു നിൽക്കുന്ന അവയ്ക്ക് ഈ ലോകത്തോട് പറയാനും ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ ശൂന്യതയിലും നിറവും കലയും കണ്ടെത്താനുള്ള മനുഷ്യ വാസനയ്ക്ക് അതേ ചുമരുകളിൽ സൗന്ദര്യവും അതിനപ്പുറം നിൽക്കുന്ന സന്ദേശങ്ങളും വരച്ചിടാൻ കഴിയും. ഭിന്നിപ്പിന്റെയും പൂഴ്ത്തി വയ്ക്കലുകളുടെയും  പ്രതിരൂപങ്ങൾക്ക് തിരുവനതപുരം നൽകിയ വർണ്ണങ്ങളിലേയ്ക്ക് ,അവ പറയുന്ന സന്ദേശങ്ങളിലേയ്ക്ക്, ക്യാമറ കണ്ണുകളിലൂടെ ഒരു എത്തി നോട്ടം.

*ഫോട്ടോഃ ഗോകുൽ എസ് വിജയ്*





















